**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i),(ii),(iii),(iv), (vi), (vii), (xii)& (xiv) നോക്കുക.)

**7. യോഗ്യതകൾ** : ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ നേടിയ ബിരുദം

11. (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 330/2020
## ഓഫീസ് അസിസ്റ്റന്റ്
## കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

**1. വകുപ്പ്** : കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : ഓഫീസ് അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 9940–16580/
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ് :** ii) ഈ തസ്തികയുടെ 3% ഒഴിവുകൾ ലോക്കോ മോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പാൾസി , ഹിയറിങ് ഇമ്പയർമെൻറ്& ലോ വിഷൻ വിഭാഗങ്ങളിലെ ഭിന്ന ശേഷിക്കാരായ ഉദ്യോഗാർഥികൾക്കായി മാറ്റി വച്ചിട്ടുള്ളതാണ്.

iv) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നവർ തങ്ങളുടെ തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടി

ഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii), & (xii) നോക്കുക.)

**7. യോഗ്യതകൾ :** 1 ) പ്ലസ് ടു വിജയിച്ചിരിക്കണം. അല്ലെങ്കിൽ തത്തുല്യ യോഗ്യത

2 ) ടൈപ്പ് റൈറ്റിംഗ് മലയാളം, ഇംഗ്ലീഷ്(ലോവർ ) (കെ ജി ടി ഇ /എം ജി ടി ഇ )അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ് :** ജനുവരി 2002 നു മുൻപ് കെ ജി ടി ഇ ടൈപ്പ് റൈറ്റിംഗ് പാസ്സായിട്ടുള്ളവർ, കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യമായ മൂന്ന് മാസത്തിൽ കുറയാതെ കാലാവധിയുള്ള കോഴ്സ് സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും പാസ്സായിട്ടുണ്ടെന്നുള്ള പ്രത്യേക സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6&7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ : 331/2020
## ടൈപ്പിസ്റ്റ് ഗ്രേഡ് II
## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

| | |
|---|---|
| **1. വകുപ്പ്** | : കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് |
| **2. ഉദ്യോഗപ്പേര്** | : ടൈപ്പിസ്റ്റ് ഗ്രേഡ് II |
| **3. ശമ്പളം** | : ₹ 9190–15780 |
| **4. ഒഴിവുകളുടെ എണ്ണം** | : 2 (രണ്ട്) |

**കുറിപ്പ്:** 2. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

3. 03.01.2013 ലെ G.O (P) No.01/13/SJD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ തസ്തികയുടെ 3% (മൂന്ന് ശതമാനം) ഒഴിവുകൾ ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഭിന്നശേഷിയുള്ളവർക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 01.01.2002നും 02.01.1984 നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) എസ്സ്.സി /എസ്സ്.ടി, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും നിയമാനുസൃത വയസിളവ് ഉണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ 2-ാം ഖണ്ഡിക നോക്കുക.)

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ റഗുലറായി ജോലി നോക്കുന്നവർക്ക് അവർ നിശ്ചിത യോഗ്യത നേടിയിട്ടുണ്ടെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി പരീക്ഷ ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.

2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയർ (കെ.ജി.ടി.ഇ/ എം.ജി.റ്റി.ഇ) അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും കമ്പ്യൂട്ടർ വേഡ് പ്രോസസിങ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യതയും നേടിയിരിക്കണം.

3. ടൈപ്പ്റൈറ്റിംഗ് മലയാളം ലോവർ (കെ.ജി.ടി.ഇ) അല്ലെങ്കിൽ തത്തുല്യം.

4.ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച കമ്പ്യൂട്ടർ ഡേറ്റാ എൻട്രി കോഴ്സ് സർട്ടിഫിക്കറ്റ്.

**8 പ്രൊബേഷൻ:** ഈ തസ്തികയിലേയ്ക്ക് നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

12 (a)പൊതുവ്യവസ്ഥകളിലെ 2 ആം ഖണ്ഡികയിലെ (v),(viii),(ix),(x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 7 -ാം ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b)മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും

## കാറ്ററി നമ്പർ : 332/2020
## മെയിന്റനൻസ് അസിസ്റ്റന്റ് (മെക്കാനിക്കൽ)
## ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്

| | |
|---|---|
| **1. സ്ഥാപനം** | : ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : മെയിന്റനൻസ് അസിസ്റ്റന്റ് (മെക്കാനിക്കൽ) |
| **3. ശമ്പളം** | : ₹ 5500–7480/രൂപ (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:** മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1984നും 01.01.2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗക്കാർ/ വിധവകൾ എന്നിവർക്ക് നിയമാനുസൃതമായ വയസ്സ് ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവർക്ക് അവരുടെ സർവീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ ഒരു കാരണവശാലും ഇവരുടെ ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (I), (ii), (iii), (iv), (vi), (vii), (xii) & (xiv) നോക്കുക).

**7 യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. ജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം

2) എൻ.റ്റി.സി. (ഫിറ്റർ)

3) മെക്കാനിക്കൽ ഉപകരണങ്ങൾ/ടെക്സ്റ്റൈൽ മെഷിനറി/ ബോയിലർ ഓപ്പറേഷൻ എന്നിവയുടെ പരിപാലനത്തിൽ (Maintenance overhaul) ലഭിച്ച മൂന്നു വർഷത്തിൽ കുറയാതെയുള്ള പരിചയം . ഇത് ബന്ധപ്പെട്ട ട്രേഡിൽ എൻ.റ്റി.സി ലഭിച്ചതിനു ശേഷം നേടിയതായിരിക്കണം.

പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം (സാക്ഷ്യ പത്രം ഉൾപ്പെടെ).

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** 1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ നിർദ്ദേശിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ സ്കാൻഡ് ഇമേജ് അപ് ലോഡ് ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3 എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

4 പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19, 20 & 21 ഖണ്ഡികകൾ കാണുക.

5 ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

10. a) പൊതുവ്യവസ്ഥകളിലെ 2-ാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്ററി നമ്പർ : 333/2020
## സെക്യൂരിറ്റി ഓഫീസർ
## ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്

| | |
|---|---|
| **1. സ്ഥാപനം** | : ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : സെക്യൂരിറ്റി ഓഫീസർ |
| **3. ശമ്പളം** | : ₹ 2650–7900 |
| **4. ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:**(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്.എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 18–46 ഉദ്യോഗാർത്ഥികൾ 02.01.1974നും01.01.2002നുമിടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ).മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i)(ii),(iii),(iv),(vi)& (xii) നോക്കുക.)

**7. യോഗ്യതകൾ** :(i) എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത.

(ii) ആർമിയിലോ നേവിയിലോ എയർഫോഴ്സിലോ JCO ആയിട്ടോ അല്ലെങ്കിൽ തത്തുല്യ റാങ്കിലോ പത്ത് വർഷത്തെ സേവനം.

(iii) ഉയരം: 168 സെ.മീ.

(iv) നെഞ്ചളവ് : സാധാരണയായി 81 സെ.മീ, വികസിക്കുമ്പോൾ 86 സെ.മീ.

11. (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (vii),(viii),(ix),(x),(xi)&(xiii) എന്നീ ഉപഖണ്ഡികകളും 5(a),7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

# ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്ററി നമ്പർ : 334/2020
## യു പി സ്ക്കൂൾ ടീച്ചർ (മലയാളം മീഡിയം)
## (തസ്തികമാറ്റം വഴി)
## വിദ്യാഭ്യാസം

| | |
|---|---|
| **1. സ്ഥാപനം** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : യു പി സ്ക്കൂൾ ടീച്ചർ (മലയാളം മീഡിയം) (തസ്തികമാറ്റം വഴി) |
| **3. ശമ്പളം** | : ₹ 25200–54000/ |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

| | |
|---|---|
| കൊല്ലം | 04 (നാല്) |
| എറണാകുളം | 09 (ഒൻപത്) |
| മലപ്പുറം | 06 (ആറ്) |
| തൃശൂർ | 03 (മൂന്ന്) |
| ഇടുക്കി | 02(രണ്ട്) |
| കോഴിക്കോട് | 05 (അഞ്ച്) |
| പാലക്കാട് | 01 (ഒന്ന്) |
| ആലപ്പുഴ | കണക്കാക്കപ്പെട്ടിട്ടില്ല |

**കുറിപ്പ്:** (ii) തസ്തികമാറ്റം വഴി നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യപ്പെടാൻ അർഹരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

(iii) അപേക്ഷ അയയ്ക്കുന്ന തീയതിയിൽ ഉദ്യോഗാർത്ഥി കേരള പൊതു വിദ്യാഭ്യാസ സബോർഡിനേറ്റ് സർവ്വീസിലെ സ്ഥിരം ജീവനക്കാരനോ (Full Member) പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള (Approved Probationer) ആളോ ആയിരിക്കണം. (അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം [20.01.2009 ലെ ജി.ഒ (എം.എസ്) നം. 8/09/പൊ.വി.വ].

(v) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(vi) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാന

ത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നം. 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)നം. 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vii) തസ്തികമാറ്റം വഴിയുള്ള നിയമനം ആയതിനാൽ KS & SSR ലെ രണ്ടാം ഭാഗത്തെ 14 മുതൽ 17 വരെയുള്ള വകുപ്പുകളിൽ പറഞ്ഞിട്ടുള്ള സംവരണ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമല്ല.

**5 നിയമന രീതി :** തസ്തികമാറ്റം വഴിയുള്ള നിയമനം. (അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം [20.01.2009 ലെ ജി.ഒ (എം.എസ്) നം. 8/09/പൊ.വി.വ].

**6 പ്രായം** : ബാധകമല്ല

**7 യോഗ്യതകൾ** : 1) കേരള സർക്കാരിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തത്തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ ഏതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.

2)കേരള സർക്കാർ പരീക്ഷ കമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി പരീക്ഷ വിജയിച്ചിരിക്കണം

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നല്കിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും കൂടാതെ B.Ed/BT/LT യോഗ്യതയും നേടിയിരിക്കണം .

**കുറിപ്പ്:** റ്റി.റ്റി.സി യോഗ്യത, G.O(RT) No.3280/13/പൊ.വി.വ തീയതി 05.08.2013 പ്രകാരം ഡി.എഡ് (ഡിപ്ലോമ ഇൻ ടീച്ചർ എഡ്യൂക്കേഷൻ) എന്നും, G.O(RT) No.1700/18/പൊ.വി.വ തീയതി 05.05.2018, G.O(RT) No. 2009/18/പൊ.വി.വ തീയതി 30.05.2018 എന്നിവ പ്രകാരം ഡി.എൽ.എഡ് (ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ) എന്നും പുനർനാമകരണം ചെയ്തിട്ടുള്ളതിനാൽ ടി സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ഡി.എഡ് യോഗ്യതയോ, ഡി.എൽ.എഡ് യോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ് :** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം

(ii) 31.03.12 ന് മുൻപ് സർവീസിൽ പ്രവേശിച്ച പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം ലഭിക്കുമ്പോൾ കെടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല.

(iii) SSLC ക്ക് പാർട്ട് 1ലോ പാർട്ട് 2ലോ മലയാളം പഠിക്കാത്തതോ പഠന മാധ്യമം മലയാളം അല്ലാത്തതോ ആയ ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല. [G.O(Rt) No. 534/02/GEdn. dtd.19.03.2002, G.O (MS) No. 44/75/G.Edn. dtd. 29.01.1975] എന്നാൽ സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യത തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. (സ.ഉ.(കൈ)നം.67/2018/പൊ.വി.വ. തീയതി 22.5.2018)

(iv) ഈ തസ്തികയ്ക്ക് എഴുത്ത് (വിവരണാത്മക/ഒ.എം.ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽതന്നെ എഴുതേണ്ടതാണ്. OMR ഉത്തരകടലാസ് സംബന്ധിച്ച്, ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.

4 അപേക്ഷാ തീയതിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നിവയിലേതെങ്കിലും തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ഉണ്ടായിരിക്കണം (20-01-2009 ലെ ജി.ഒ (എംഎസ്) നമ്പർ. 8/09/പൊ.വി.വ)

മേൽപ്പറഞ്ഞ സർവ്വീസ് തെളിയിക്കുന്നതിന് ആഫീസ്/വകുപ്പ് മേലധികാരിയിൽ നിന്നും താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) വാങ്ങി കൈവശം സൂക്ഷിയ്ക്കേണ്ടതും, വിദ്യാഭ്യാസം, യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന രേഖകളോടൊപ്പം കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. **(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

## കാറ്റഗറി നമ്പർ : 335/2020
## തയ്യൽ ടീച്ചർ (ഹൈസ്കൂൾ)
## വിദ്യാഭ്യാസം

**1 വകുപ്പ്** : വിദ്യാഭ്യാസം

**2 ഉദ്യോഗപ്പേര്** : തയ്യൽ ടീച്ചർ (ഹൈസ്കൂൾ)

**3 ശമ്പളം** : ₹ 25,200–54,000/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
എറണാകുളം – 2 (രണ്ട്)
പാലക്കാട് – 8 (എട്ട്)
മലപ്പുറം – 25 (ഇരുപത്തിയഞ്ച് )
കണ്ണൂർ – 2 (രണ്ട്)

കുറിപ്പ്: (iii)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ (എം.എസ്) നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16-3-1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(vi) ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3% 07.05.2019ലെ G.O(P) No.5/2019/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–40. (ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും )

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7 യോഗ്യതകൾ :** 1) കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2)നീഡിൽ വർക്ക് ആന്റ് ഡ്രസ്സ് മേക്കിംഗ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ (ഹയർ) അല്ലെങ്കിൽ എം.ജി.റ്റി.ഇ (ഹയർ).

അല്ലെങ്കിൽ

ടെയിലറിംഗിലുള്ള ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ (ഹയർ) അല്ലെങ്കിൽ എം.ജി.റ്റി.ഇ (ഹയർ).

അല്ലെങ്കിൽ

കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന ക്രാഫ്റ്റ്സിലുള്ള ഗ്രൂപ്പ് ഡിപ്ലോമ.

അല്ലെങ്കിൽ

ഇന്ത്യാ ഗവൺമെന്റ് നാഷണൽ കൗൺസിൽ ഫോർ ട്രെയിനിംഗ് ഇൻ വൊക്കേഷണൽ ട്രേഡ്സ് നൽകുന്ന കട്ടിംഗിലും ടെയിലറിംഗിലും ഉള്ള ട്രേഡ് സർട്ടിഫിക്കറ്റ് (ജി.ഒ.(പി.) നമ്പർ 106/82/ജന.എഡ്യൂ. തീയതി 29.07.1982).

അല്ലെങ്കിൽ

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള ഡിപ്ലോമ (ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്.)

അല്ലെങ്കിൽ

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള ഡിപ്ലോമ (ടെയിലറിംഗ് ആന്റ് എംബ്രോയിഡറി) (ജി.ഒ.(പി.) നമ്പർ 157/89/ജന.എഡ്യൂ. തീയതി 24.08.1989)

അല്ലെങ്കിൽ

നാഷണൽ കൺസിൽ ഫോർ ട്രെയിനിംഗ് ഇൻ വൊക്കേഷണൽ ട്രേഡ്സ് നൽകുന്ന ഡ്രസ്സ് മേക്കിംഗിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (ജി.ഒ.(പി.) നമ്പർ 501/97/ജന.എഡ്യൂ. തീയതി 18.12.1997).

അല്ലെങ്കിൽ

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി നൽകുന്ന ഫാഷൻ ടെക്നോളജിയിലുള്ള (ബി.എഫ്.റ്റി)ബിരുദം (സ.ഉ.(കൈ) നം.40/2018/പൊ.വി.വ തീയതി 12.04.2018)

അല്ലെങ്കിൽ

കണ്ണൂർ യൂണിവേഴ്സിറ്റി നൽകുന്ന ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈൻ ടെക്നോളജിയിലുള്ള (B.Sc F.A.T.D)ബി.എസ്.സി ബിരുദം .(സ.ഉ.(കൈ) നം.40/2018/പൊ.വി.വ തീയതി 12.04.2018.)

അല്ലെങ്കിൽ

കാലിക്കറ്റ് യൂണിവേഴ്സിറ്റി നൽകുന്ന കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗിലുള്ള ബി.എസ്.സി ബിരുദം .(സ.ഉ.(കൈ) നം. 40/2018/പൊ.വി.വ തീയതി 12.04.2018.)

അല്ലെങ്കിൽ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് നൽകുന്ന ഫാഷൻ ഡിസൈനിംഗിലുള്ള ഡിപ്ലോമ.(സ.ഉ.(കൈ) നം. 74/2018/പൊ.വി.വ തീയതി 29.05.2018.)

അല്ലെങ്കിൽ

ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നൽകുന്ന ഫാഷൻ ഡിസൈനിംഗിലുള്ള ഡിപ്ലോമ. (സ.ഉ.(കൈ) നം.114/2019/പൊ.വി.വ തീയതി 06.08.2019.)

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ'എന്നതിന് 'ഉണ്ട്'എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞ പക്ഷം അഞ്ചുവർഷം സർവ്വീസിലുള്ള ലബോറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിത യോഗ്യതയുള്ളപക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്.അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്ത സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ (എം.എസ്.) നമ്പർ 315/62/എഡ്യു. തീയതി 14/05/1962).

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975) ഈ മുൻഗണന 12/02/1970 ലെ ജി.ഒ.(എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

(iv) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. (ജി.ഒ(എം.എസ്) നമ്പർ 185/70/എഡ്യൂ തീയതി 18.04.1970, ജി.ഒ (എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970).

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടു

ന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്'ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 336/2020

## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു)

## വിദ്യാഭ്യാസം

| | |
|---|---|
| **1 വകുപ്പ്** | : വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു) |
| **3 ശമ്പളം** | : ₹ 18,000–41,500/ |
| **4 ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ കണ്ണൂർ 3 ( മൂന്ന് ) |

കുറിപ്പ്: (iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ (എം.എസ്)നമ്പർ 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16–3–1996 ലെ ജി.ഒ(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(vi) ഈ തസ്തികയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഫ്രഷ് ഒഴിവുകളുടെ 3% 07.05.2019ലെ GO(P) No. 5/2019/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായം** : 18–40. (ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7 യോഗ്യതകൾ :**

1 എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2 കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിനുള്ള ടൈറ്റിൽ.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല നടത്തുന്ന ആഡിബ്ഐഫാസിൽ (പ്രിലിമിനറി) (ഉറുദു) പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന ഉറുദു ഹയർ പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കണ്ണൂർ യൂണിവേഴ്സിറ്റി നൽകുന്ന ബിഎ ഉറുദു ആൻഡ് ഇസ്ലാമിക ഹിസ്റ്ററി ഡബിൾ മെയിൻ ബിരുദം. (സ.ഉ.(കൈ)നം.158/2018/പൊ.വി.വ തീയതി 12.11.2018)

**കുറിപ്പ്:** ഏതു വിഷയത്തിലാണ് ബിരുദവും ടൈറ്റിലും നേടിയതെന്ന് വ്യക്തമാക്കേണ്ടതാണ് .

3. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ടവിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8.പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗനിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് 'ഉണ്ട്'എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞ പക്ഷം അഞ്ച് വർഷം സർവ്വീസിലുള്ള ലബോറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിത യോഗ്യതയുള്ളപക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്.അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്ത സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ (എം.എസ്.) നമ്പർ 315/62/എഡ്യു. തീയതി 14/05/1962).

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ(എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).ഈ മുൻഗണന 12/02/1970 ലെ ജി.ഒ.(എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്'ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

## കാറ്റഗറി നമ്പർ : 337/2020

## പോലീസ് കോൺസ്റ്റബിൾ

## (ടെലികമ്മ്യൂണിക്കേഷൻസ്)

## കേരള പോലീസ് സർവ്വീസ്

| | |
|---|---|
| **1. വകുപ്പ്** | : കേരള പോലീസ് സർവ്വീസ് |
| **2. ഉദ്യോഗപ്പേര്** | : പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻസ്) |
| **3. ശമ്പളം** | : ₹ 22200–48000/ |
| **4. ഒഴിവുകളുടെ എണ്ണം** | : 05(അഞ്ച്)(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാർക്ക് മാത്രം) |

**കുറിപ്പ്:** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5. നിയമനരീതി:** നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാർക്ക് മാത്രം)

**കുറിപ്പ് :** 1. ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും വനിതാ ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

2. പട്ടികവർഗ്ഗത്തിൽപ്പെടാത്തഉദ്യോഗാർത്ഥികൾസമർപ്പിക്കുന്നഅപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക്അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ്പ്രത്യേകമായിനൽകുന്നതല്ല.

**6. പ്രായം:** 18–31 ഉദ്യോഗാർത്ഥികൾ 01/01/1989 നും 02/01/2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികവർഗ്ഗക്കാരായ വിമുക്തഭടൻമാർക്ക് 41 വയസ്സ് വരെ അപേക്ഷിക്കാവുന്നതാണ്. (പൊതു വ്യവസ്ഥകളിൽ പ്രായപരിധി സംബന്ധിച്ച മറ്റ് ഇളവുകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**7. യോഗ്യതകൾ**

**1) സാമാന്യ യോഗ്യത:** എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം

**2) സാങ്കേതിക യോഗ്യത:** റേഡിയോ /ടെലിവിഷൻ/ഇലക്ട്രോണിക്സ് /ടെലികമ്മ്യൂണിക്കേഷൻ/ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്/ കമ്പ്യൂട്ടർ/ഇൻഫർമേഷൻ ടെക്നോളജി എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ലഭ്യമായിട്ടുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അഥവാ കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടുളള തത്തുല്യമായ ഇതേ യോഗ്യത. തത്തുല്യമായ ഇതേ യോഗ്യതയുള്ള വിമുക്തഭടൻമാർക്കും അപേക്ഷിക്കാവുന്നതാണ്.

**(3). ശാരീരിക യോഗ്യതകൾ**

| | |
|---|---|
| a) ഉയരം | 160 സെ.മീ |
| b)നെഞ്ചളവ് | 76സെ.മീ |
| c) വികാസം കുറഞ്ഞത് 5 സെ.മി വേണം | |

**(4) കാഴ്ചശക്തി:** താഴെ പറയുന്ന വിധത്തിൽ കണ്ണടവയ്ക്കാതെയുള്ള കാഴ്ചശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| 1) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| 2) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** 1. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചകോൺ(Field of vision) ഉണ്ടായിരിക്കണം.

2. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

3. സംസാരശേഷി/കേൾവി വൈകല്യങ്ങളിൽ നിന്ന് മുക്തമായിരിക്കണം

4. ഉദ്യോഗാർത്ഥികൾക്ക് നല്ല ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല്(മുൻപല്ല്) ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷന് ഹാജരാകുമ്പോൾ താഴെ കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുളള വിധത്തിലല്ലെങ്കിൽ നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

(5). കായികക്ഷമതാ പരീക്ഷ : നിയമനത്തിനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയായ താഴപ്പറയുന്ന വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള 8 ഇനങ്ങളിൽ ഏതെങ്കിലും 5(അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം

| | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.2 cms |
| 3 | ലോംഗ് ജമ്പ് | 457.2 cms |
| 4 | പുട്ടിംഗ് ദ് ഷോട്ട്(7264 ഗ്രാം) | 609.6 cms |
| 5 | ത്രോയിംഗ് ദ ക്രിക്കറ്റ് ബാൾ | 6096 cms |
| 6 | വടത്തിൽ കയറ്റം (കൈകൾ മാത്രം ഉപയോഗിച്ച്) | 365.8 cms |
| 7 | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ്:** കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

**ട്രെയിനിംഗ് :** പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻസ്) ആയി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ 9 മാസത്തെ പരിശീലനത്തിന് വിധേയരാകേണ്ടതാണ്. അതിനു പുറമേ ഈ കാലയളവിൽ ടെലികമ്മ്യൂണിക്കേഷൻ ഉപകരണം പ്രവർത്തിപ്പിക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമുള്ള സാങ്കേതിക പരിശീലനം നൽകുന്നതാണ്.

**സ്റ്റൈപ്പന്റ്:** പരിശീലന കാലയളവിൽ പോലീസ് കോൺസ്റ്റ

ബിൾ (ടെലികമ്മ്യൂണിക്കേഷൻസ്) തസ്തികയ്ക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്റ്റൈപ്പൻഡിനും ഇവർക്ക് അർഹതയുണ്ടായിരിക്കും.

**10. പ്രൊബേഷൻ :** ട്രെയിനിംഗ് പൂർത്തിയായ ശേഷം നിയമിക്കപ്പെടുന്നവർ ആദ്യത്തെ 3 വർഷത്തിനുള്ളിൽ 2 വർഷത്തെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

**11. ബോണ്ട് :** ഓരോ ഉദ്യോഗാർത്ഥിയും ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപായി ചുരുങ്ങിയത് അഞ്ച് വർഷം ഡിപ്പാർട്ട്മെന്റിനെ സേവിച്ചുകൊള്ളാമെന്ന് വ്യവസ്ഥ ചെയ്യുന്ന അയ്യായിരം രൂപയുടെ ഒരു ബോണ്ട് ഹാജരാക്കേണ്ടതാണ്.

15. പൊതുവ്യവസ്ഥകളിലെരണ്ടും, മൂന്നും, ഇരുപത്തിഅഞ്ചുംഖണ്ഡികകളിലെ(25ാംഖണ്ഡികയിലെകേരളസ്റ്റേറ്റ്ആന്റ് സബോർഡിനേറ്റ്സർവ്വീസ്ചട്ടങ്ങളുടെരണ്ടാംഭാഗത്തുള്ള 3(C) വകുപ്പിനെസംബന്ധിച്ചചട്ടങ്ങൾഒഴികെയുള്ള) വ്യവസ്ഥകൾഈതെരഞ്ഞെടുപ്പിന്ബാധകമല്ല.

16. നിയമനങ്ങൾനടത്തുന്നത്ഈവിജ്ഞാപനംആസ്പദമാക്കിതയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടിക വർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെജി.ഒ.(പി) നമ്പർ21/76/പി.ഡി, 22.01.1994 ലെജി.ഒ.(പി)25/94/ജി.എ.ഡി.എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേകചട്ടങ്ങൾ അനുസരിച്ചും 1958ലെകേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക്വിധേയമായുംആയിരിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് ജില്ലാതലം

### കാറ്റഗറി നമ്പർ : 338/2020
### ലാബ് ടെക്നീഷ്യൻ ഗ്രേഡ് II
### ആരോഗ്യം
### (പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് & പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**1 വകുപ്പ്** : ആരോഗ്യം

**2 ഉദ്യോഗപ്പേര്** : ലാബ് ടെക്നീഷ്യൻ ഗ്രേഡ് II (പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് & പട്ടികവർഗ്ഗക്കാർക്ക്മാത്രമായുള്ള പ്രത്യേക നിയമനം)

**3 ശമ്പളം** : ₹ 22200-48000/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| ജില്ല | പട്ടികജാതി& പട്ടികവർഗ്ഗം | പട്ടികവർഗ്ഗം മാത്രം | റിമാർക്സ് |
|---|---|---|---|
| തിരുവനന്തപുരം | 1 | 1 | |
| കൊല്ലം | 1 | | |
| പത്തനംതിട്ട | 1 | 2 | |
| ആലപ്പുഴ | 1 | 1 | |
| കോട്ടയം | 1 | 2 | |
| ഇടുക്കി | 1 | | സർക്കാർ ഉത്തരവ് GO(ms)157/2018 തീയതി 20/07/2018 പ്രകാരം റിസർവ് ചെയ്തത്,പി.എസ്.സിയിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ല |
| എറണാകുളം | 1 | 2 | |
| തൃശ്ശൂർ | 1 | | |
| പാലക്കാട് | 1 | | സർക്കാർ ഉത്തരവ് GO(ms)157/2018 തീയതി 20/07/2018 പ്രകാരം റിസർവ് ചെയ്തത്, പി.എസ്.സി യിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ല |
| മലപ്പുറം | 1 | 1 | |
| കോഴിക്കോട് | 1 | 1 | സർക്കാർ ഉത്തരവ് GO(ms)157/2018 തിയതി 20/07/2018 പ്രകാരം റിസർവ് ചെയ്തത്, പി.എസ്.സി യിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ല |
| വയനാട് | 1 | | |
| കണ്ണൂർ | 1 | 1 | |
| കാസർഗോഡ് | 1 | | |

കുറിപ്പ്: (ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ, തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

**5 നിയമനരീതി :** നേരിട്ടുള്ള നിയമനം
(പട്ടികജാതി /പട്ടികവർഗ്ഗക്കാർക്ക് &പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികജാതി&പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18-41 ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ: എ) ജനറൽ**

1. സയൻസ് വിഷയത്തിലുള്ള പ്രീ ഡിഗ്രി അഥവാ തത്തുല്യമായ പരീക്ഷ പാസായിരിക്കണം.

ആംഡ് ഫോഴ്സിൽ പതിനഞ്ചു വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ളവരും, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ അസിസ്റ്റന്റ് ടെസ്റ്റ് ക്ലാസ് I പാസ്സായിട്ടുള്ളവരും ആയ വിമുക്ത ഭടന്മാർക്ക് എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത മതിയാകുന്നതാണ്.

**ബി) ടെക്നിക്കൽ**

കേരളത്തിലെ മെഡിക്കൽ കോളേജുകളോ, തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയോ നടത്തുന്ന ഒരു വർഷത്തെ മെഡിക്കൽ ടെക്നീഷ്യൻസ് ട്രെയിനിങ് കോഴ്സ് വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25 ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

13. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി / പട്ടികവർഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം .എസ് ) നമ്പർ 142/72/PD,29.11.1973 ലെ ജി.ഒ.(എം .എസ്) നമ്പർ 309/73/PD ,17 .01 .1976 ലെ ജി.ഒ.(പി) നമ്പർ 21 / 76 / പി .ഡി ,22 .01 .1994ലെ ജി.ഒ.(പി) 25/94/ജി .എ .ഡി എന്നി സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും , നിയമനകാര്യത്തിൽ അപ്പൊഴപ്പോൾ ഉണ്ടാകുന്ന ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) 17 (എ),17 (ബി) എന്നി ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 339/2020
### ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം & പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
### ആരോഗ്യ വകുപ്പ്

**1 വകുപ്പ്** : ആരോഗ്യ വകുപ്പ്

**2 ഉദ്യോഗപ്പേര്** : ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം &പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**3 ശമ്പളം** : ₹ 22200-48000/

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ആലപ്പുഴ-2 (പട്ടികജാതി / പട്ടികവർഗ്ഗം), 3 (പട്ടികവർഗ്ഗം)
വയനാട് 2 (പട്ടികജാതി / പട്ടികവർഗ്ഗം), 4(പട്ടികവർഗ്ഗം)

**കുറിപ്പ്: 2** ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**കുറിപ്പ്: 3** വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും ( ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി ) ജില്ലാടിസ്ഥാനത്തിൽ തയ്യറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.25 .05 .1971 ലെ സർക്കാർ ഉത്തരവ് (എം .എസ് )154 / 71 / പി .ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്.ഇപ്രകാരം നിയമിക്കപെടുന്നതിന് പ്രേത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**കുറിപ്പ്: 4** ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചതായോ, തൻ നിമിത്തം തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു എന്നു തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ളനിയമനം (പട്ടികജാതി /പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽറിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്തഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്നഅപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുളളവർക്ക്അപേക്ഷനിരസിച്ചുകൊണ്ടുള്ള അറിയിപ്പ്പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം :** 18-46 ഉദ്യോഗാർത്ഥികൾ02.01.1974 നും01.01.2002 നുമിടയിൽജനിച്ചവരായിരിക്കണം. (രണ്ട്തീയതികളുംഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ :**

**1)പൊതുയോഗ്യത:** എസ് .എസ് .എൽ .സി പാസായിരിക്കണം. (അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.)

**2)സാങ്കേതിക യോഗ്യത:** കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൌൺസിൽ നൽകിയിട്ടുള്ള ആക്സിലറി നേഴ്സ് മിഡ് വൈഫറി സർട്ടിഫിക്കറ്റ് ( 18 മാസം ദൈർഖ്യമുള്ള പുതിയ കോഴ്സ്) ഉണ്ടായിരിക്കണം .

അല്ലെങ്കിൽ

ഇന്ത്യൻ നഴ്സിംഗ് കൌൺസിൽ അംഗീകരിച്ചിട്ടുള്ള ഒരു അധികാരി നൽകിയ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ്/ ആക്സിലറി നേഴ്സ് മിഡ്വൈഫറി സർട്ടിഫിക്കറ്റ് (പുതുക്കിയ കോഴ്സ്) ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൌൺസിൽ നൽകിയിട്ടുള്ള ഹെൽത്ത് വർക്കേഴ്സ് ട്രെയിനിങ് സർട്ടിഫിക്കറ്റ് .

3)കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൌൺസിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ് : I** 1). പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർഥികളെ സംബന്ധിച്ചിടത്തോളം സാമാന്യ വിദ്യാഭാസ യോഗ്യത ആയി 8 ആം സ്റ്റാൻഡേർഡ് പാസ്സായിരുന്നാൽമതിയാകും. നിശ്ചിതയോഗ്യതയുള്ളപട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിലും പട്ടികവർഗത്തിലുള്ള ഉദ്യോഗാർഥികൾക്കു വേണ്ടി നീക്കിവച്ചിരിക്കുന്ന ക്വാട്ട നികത്തുന്നതിന് ആവശ്യമായ പരിധിവരെയും മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളു.

2. പട്ടികജാതിയിലുള്ള ഉദ്യോഗാർഥികളുടെ കാര്യത്തിൽ സാമാന്യ വിദ്യാഭാസ യോഗ്യതയായി എസ് .എസ് .എൽ .സി കോഴ്സ് പൂർത്തിയാക്കിയിരുന്നാൽ മതിയാകും. പട്ടിക ജാതിയിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ ടി ഉദ്യോഗാർഥികൾക്ക് നീക്കിവച്ചിരിക്കുന്ന ക്വാട്ട നികത്തുന്നതിന് ആവശ്യമായ പരിധി വരെ മാത്രമേ പ്രസ്തുത ഇളവ് അനുവദിക്കുകയുള്ളു.

3. ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല.

12. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25 ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുളള ) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി / പട്ടികവർഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം .എസ്) നമ്പർ 142/72/PD,29.11.1973 ലെ ജി.ഒ.(എം .എസ്) നമ്പർ 309 /73/PD, 17.01.1976 ലെ ജി.ഒ.(പി) നമ്പർ 21 / 76 / പി .ഡി ,22 .01 .1994ലെ ജി.ഒ.(പി ) 25 / 94 / ജി .എ .ഡി എന്നി സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും ,നിയമനകാര്യത്തിൽ അപ്പൊഴപ്പോൾ ഉണ്ടാകുന്ന ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) 17 (എ),17 (ബി) എന്നി ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 340/2020
### പോലീസ് കോൺസ്റ്റബിൾ (പട്ടിക ജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
### (ആംഡ് പോലീസ് ബറ്റാലിയൻ)
### കേരള പോലീസ് സർവ്വീസ്

**1 വകുപ്പ്** : കേരള പോലീസ് സർവ്വീസ്

**2 ഉദ്യോഗപ്പേര്** : പോലീസ് കോൺസ്റ്റബിൾ (പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം) (ആംഡ് പോലീസ് ബറ്റാലിയൻ)

(കുറിപ്പ്: ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.)

**3 ശമ്പളം** : ₹ 22200–48000/

**4 ഒഴിവുകളുടെ എണ്ണം** : ബറ്റാലിയൻ തിരിച്ച്
തിരുവനന്തപുരം(എസ്.എ.പി) 19
പത്തനംതിട്ട (കെ.എ.പി III) 18
ഇടുക്കി (കെ.എ.പി V) 17
എറണാകുളം (കെ.എ.പി I) 19
തൃശ്ശൂർ (കെ.എ.പി II) 19
മലപ്പുറം (എം.എസ്.പി) 20
കാസറഗോഡ് (കെ.എ.പി IV) 20

| ബറ്റാലിയൻ | ബറ്റാലിയൻ ഉൾപ്പെടുന്ന ജില്ലകളും പോലീസ് ജില്ലകളും | നിയമനച്ചുമതലയുള്ള പി.എസ്.സി ജില്ലാ ഓഫീസ് |
|---|---|---|
| 1. എസ്.എ.പി | തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി, റൂറൽ പോലീസ് ഡിസ്ട്രിക്ട്) | തിരുവനന്തപുരം |
| 2. കെ.എ.പി III | കൊല്ലം, ആലപ്പുഴ, പത്തനംതിട്ട റവന്യൂ ജില്ലകൾ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട പോലീസ് ഡിസ്ട്രിക്ടുകൾ) | പത്തനംതിട്ട |
| 3. കെ.എ.പി V | കോട്ടയം, ഇടുക്കി റവന്യൂ ജില്ലകൾ (കോട്ടയം, ഇടുക്കി എന്നീ പോലീസ് ഡിസ്ട്രിക്ടുകൾ) | ഇടുക്കി |
| 4. കെ.എ.പി I | എറണാകുളം റവന്യൂ ജില്ല (കൊച്ചി സിറ്റി ആന്റ് എറണാകുളം റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) | എറണാകുളം |
| 5. കെ.എ.പി II | തൃശ്ശൂർ, പാലക്കാട് റവന്യു ജില്ലകൾ (തൃശ്ശൂർ, പാലക്കാട് പോലീസ് ഡിസ്ട്രിക്ടുകൾ) | തൃശ്ശൂർ |
| 6. എം.എസ്.പി | മലപ്പുറം, കോഴിക്കോട് റവന്യു ജില്ലകൾ (മലപ്പുറം പോലീസ് ഡിസ്ട്രിക്ട്, കോഴിക്കോട് സിറ്റി ആന്റ് റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) | മലപ്പുറം |
| 7. കെ.എ.പി IV | കണ്ണൂർ, വയനാട്, കാസറഗോഡ് റവന്യൂ ജില്ലകൾ (കണ്ണൂർ, വയനാട്, കാസറഗോഡ് പോലീസ് ഡിസ്ട്രിക്ടുകൾ) | കാസറഗോഡ് |

(I) ഈ തെരഞ്ഞെടുപ്പ് ബറ്റാലിയനടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും. ഉദ്യോഗാർത്ഥികൾ ഒന്നിൽ കൂടുതൽ ബറ്റാലിയനുകളിൽ അപേക്ഷിക്കുവാൻ പാടില്ല. വിവിധ ബറ്റാലിയനിലേയ്ക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുകളിൽ ബറ്റാലിയനു നേരെ കാണിച്ചിട്ടുള്ള ഡി.ഏ.ആറിലേയ്ക്ക് മാത്രമേ സ്ഥലമാറ്റം അനുവദിയ്ക്കുകയുള്ളു. ഈ വിജ്ഞാപനപ്രകാരം ബറ്റാലിയനടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)
കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം :** 18 – 31 , ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** വിമുക്ത ഭടന്മാർക്ക് 40 വയസ്സുവരെ പരമാവധി പ്രായത്തിൽ ഇളവ് നല്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ 2ആം ഖണ്ഡിക ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**യോഗ്യതകൾ: 1) വിദ്യാഭ്യാസ യോഗ്യത :**

i) ഹയർ സെക്കന്ററി (+2 )പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

ii) ഹയർ സെക്കന്ററി യോഗ്യതയുള്ളവരുടെ അഭാവത്തിൽ കോട്ട തികയ്ക്കുന്നതിനായി ഹയർ സെക്കന്ററി വിജയിയ്ക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

**2) ശാരീരിക യോഗ്യത :**

(a) ഉയരം : കുറഞ്ഞത് 160 സെ.മീ,
(b) നെഞ്ചളവ് : കുറഞ്ഞത് 76സെ.മീ (കുറഞ്ഞത് 5 സെ.മീ വികാസത്തോടെ )
(c)കാഴ്ചശക്തി: താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b)സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ് :(1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം.

(2) കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്കു പുറമെ ഓരോ ഉദ്യോഗാർത്ഥിയേയും ശാരീരിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|
| 1. 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. ഹൈ ജംപ് | 132.20 സെ.മീ. |
| 3. ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ് :** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവ് കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവ് ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8 ട്രെയിനിംഗ്:** പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി തിരഞ്ഞെടുക്കുപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ നിശ്ചയിക്കുന്ന സ്ഥാപനത്തിൽ വച്ചോ 9 മാസത്തെ ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്. അതത് സമയങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്റ്റൈപന്റ് പരിശീലന കാലത്ത് ലഭിക്കുന്നതാണ്.

**9 പ്രൊബേഷൻ:** നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നയാൾ നേരിട്ടുള്ള നിയമനം ആണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ 3 വർഷത്തെ സേവനകാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

5 . പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ആം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

16. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി /പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/പിഡി, 29.11. 1973ലെ ജി.ഒ.(എം.എസ്.)നമ്പർ 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ : 341/2020
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി
### മെഡിക്കൽ വിദ്യാഭ്യാസം
### രണ്ടാം എൻ.സി.എ. വിജ്ഞാപനം

**1 വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി
**3 ശമ്പളം** : യു.ജി.സി. മാനദണ്ഡമനുസരിച്ച്
**4 ഒഴിവുകളുടെ എണ്ണം** : എൽ.സി/എ.ഐ02(രണ്ട്)

മുകളിൽ നാലാം കോളത്തിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് 09.08.17 തീയതിയിൽ 154/2015കാറ്റഗറി നമ്പറായി നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവരുന്ന ഒഴിവിലേയ്ക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപന (ഗസറ്റ് തീയതി. 24.09.18,കാറ്റഗറി നമ്പർ.142/18)പ്രകാരം എൽ.സി/എ.ഐ സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (എൽ.സി/എ.ഐ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** മുകളിൽ കാണിച്ചിട്ടുള്ള സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം:** 21–49; ഉദ്യോഗാർത്ഥികൾ 02/01/1971നും 01–01–1999നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

**7. യോഗ്യതകൾ :** 1. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബയോകെമിസ്ട്രിയിൽ ലഭിച്ച എം.ഡി. അല്ലെങ്കിൽ ഡി.എൻ.ബി. യോഗ്യത.

2. മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന മറ്റ് അദ്ധ്യാപന പരിചയം.

3. സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ് :** 1. ഡി.എൻ.ബി. യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

2. റസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെപഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിനു മുൻപോ നേടിയതായിരിക്കണം.

ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

ട്രാവൻകൂർകൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടേയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത്(10)വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലന കാലമുൾപ്പെടെ) നാല് (4)വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപ്പത്തിയഞ്ച്(45) വയസ്സ് തികഞ്ഞവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും ബാധകമല്ല.

### കാറ്റഗറി നമ്പർ : 342/2020
### അസിസ്റ്റന്റ് മറൈൻ സർവ്വെയർ
### തുറമുഖം (ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം)
### ഒൻപതാം എൻ.സി.എ. വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികജാതി സംവരണ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം ഓൺലൈനായി 'ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി' പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഈ തസ്തികയ്ക്കായി 31.07.2007 ലെ ഗസറ്റിൽ പ്രസിദ്ധീ

കരിച്ച കാറ്റഗറി നമ്പർ 254/2007, 10.04.2008 ലെ കാറ്റഗറി നമ്പർ 171/2008, 29.05.2009 ലെകാറ്റഗറി നമ്പർ 186/2009, 30.10. 2010 ലെ കാറ്റഗറി നമ്പർ 296/ 2010, 10.09.2014 ലെ കാറ്റഗറി നമ്പർ 397/ 2014, 10.09.2015 ലെ കാറ്റഗറി നമ്പർ 247/2015, 30.05.2017 ലെ കാറ്റഗറി നമ്പർ 164/2017, 15.10.2019 ലെ കാറ്റഗറി നമ്പർ 162/2019 എന്നീ വിജ്ഞാപനങ്ങൾക്ക് ശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുകൊണ്ട് പ്രസിദ്ധീകരിക്കുന്ന ഒൻപതാം എൻ.സി.എ വിജ്ഞാപനമാണിത്.

**1. വകുപ്പ്** : തുറമുഖം (ഹൈഡ്രോഗ്രാഫിക് സർവ്വെ വിഭാഗം)
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് മറൈൻ സർവ്വെയർ
**3. ശമ്പളം** : ₹ 39500 – 83000
**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി –1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 29-12-2005 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപരാമർശിച്ചിട്ടുള്ള സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവിലേക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അവരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരിൽ നിന്നും മാത്രം)

കുറിപ്പ് :1) പട്ടികജാതി/ പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം :** 18–41, ഉദ്യോഗാർത്ഥികൾ 01.01.2002 നും 02.01.1979 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ.

വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ലെ ആനുകൂല്യം ഒഴികെ.)

**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി. യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

2. ഇന്ത്യൻ നേവൽ ഹൈഡ്രോഗ്രാഫിക് ബ്രാഞ്ച് നൽകുന്ന സർവ്വേ റിക്കോർഡർ ക്ലാസ് 1 അല്ലെങ്കിൽ ക്ലാസ് II യോഗ്യത നേടിയിരിക്കണം.

**കുറിപ്പ്:1)** 1. സർവ്വെ റിക്കോർഡർ ക്ലാസ് I യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അവർ പ്രസ്തുത യോഗ്യത കരസ്ഥമാക്കിയ തീയതി മുതൽ 4 (നാല്) വർഷക്കാലയളവിൽ കുറയാത്ത പരിചയം ഹൈഡ്രോഗ്രാഫിക് സർവ്വെയിൽ ഉണ്ടായിരിക്കണം.

2. സർവ്വെ റിക്കോർഡർ ക്ലാസ് II യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അവർ പ്രസ്തുത യോഗ്യത കരസ്ഥമാക്കിയ തീയതി മുതൽ 6 (ആറ്) വർഷക്കാലയളവിൽ കുറയാത്ത പരിചയം ഹൈഡ്രോഗ്രാഫിക് സർവ്വെയിൽ ഉണ്ടായിരിക്കണം.

**കുറിപ്പ്: 2)** മേൽപ്പറഞ്ഞ പരിശീലനം നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്കും ഈ തസ്തികയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ചതിനുശേഷം നിശ്ചിത കാലയളവിൽ പരിശീലനം നേടിയിരിക്കേണ്ടതാണ്. പരിശീലന കാലത്ത് ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള മുഴുവൻ ശമ്പളത്തിനും അലവൻസുകൾക്കും അർഹരായിരിക്കും. പരിചയം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടിയതിന് ശേഷമുള്ളതായിരിക്കണം.

**വിശദീകരണം:** അംഗീകൃത ഹൈഡ്രോഗ്രാഫിക് സർവ്വെ സർവ്വീസ് എന്നത് താഴെപ്പറയുന്നവ ഉൾപ്പെടുന്നത് ആയിരിക്കും.

1. ഇന്ത്യൻ നാവികസേനയിലെ ഹൈഡ്രോഗ്രാഫിക് വകുപ്പിലെ സേവനം.
2. ഹുഗ്ലി റിവർ സർവ്വെ സർവ്വീസിലെ സേവനം.
3. കേരള സംസ്ഥാനതുറമുഖ വകുപ്പിലെ ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിലെ സേവനം.
4. ഇന്ത്യാ ഗവൺമെന്റിന്റെ ഗതാഗത മന്ത്രാലയത്തിന്റെ ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിലെ സേവനം.
5. ഇന്ത്യയിലെ മാരിടൈം സംസ്ഥാനങ്ങളുടെ ഹൈഡ്രോഗ്രാഫിക് ഓർഗനൈസേഷനിലെ സേവനം.
6. ഇന്ത്യയിലെ പ്രമുഖ തുറമുഖങ്ങളിലെ ഹൈഡ്രോഗ്രാഫിക് സർവ്വെ വകുപ്പിലെ സേവനം.

**കുറിപ്പ്:3)** C. പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി /പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (അതായത് സർട്ടിഫിക്കറ്റ് നമ്പർ, തീയതി,തസ്തികയുടെ പേര് , കാലയളവ്, നൽകിയ അധികാരി, സ്ഥാപനത്തിന്റെ പേര് എന്നിവ) അപേക്ഷയിൽ രേഖപ്പെടുത്തുകയും, ഉദ്യോഗാർത്ഥികൾ പ്രസ്തുത സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ് .

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:1)** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താല്ക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8. പ്രൊബേഷൻ :** ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ഏതൊരാളും തുടർച്ചയായ മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും. പ്രൊബേഷൻ കാലയളവിൽ Account test for Executive Officers പാസായിരിക്കണം.

## കാറ്റഗറി നമ്പർ : 343/2020
## ഇൻസ്ട്രക്ടർ ഇൻ കൊമേഴ്സ്
## സാങ്കേതിക വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഇൻസ്ട്രക്ടർ ഇൻ കൊമേഴ്സ്
**3. ശമ്പളം** : ₹ 30,700–65,400
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ/ബില്ലവ/തിയ്യ–01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 10.04.2018 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ:632/14) കാലയളവിൽ മുകളിൽ പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിലേയ്ക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഈഴവ/ബില്ലവ/തിയ്യ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യാഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് പ്രത്യേകമായി നിരസന മെമ്മോ അയയ്ക്കുന്നതല്ല.

**6. പ്രായം :** 18–39. ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i)ഒഴികെ.)

**7. യോഗ്യതകൾ** : 1. ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നും ഒരു സ്ഥാപനത്തിൽ ചേർന്നുള്ള റഗുലർ പഠനത്തിനുശേഷം കൊമേഴ്സിൽ നേടിയ ഒന്നാം ക്ലാസ്സ് ബാച്ചിലർ ബിരുദം.

2. ഒരു സ്ഥാപനത്തിൽ ചേർന്നുള്ള മൂന്നു വർഷത്തെ റഗുലർ പഠനത്തിനുശേഷം കേരള സർക്കാർ നൽകുന്നതോ അംഗീകരിച്ചതോ ആയ കൊമേഴ്സ്യൽ പ്രാക്ടീസ് ഡിപ്ലോമ.

## കാറ്റഗറി നമ്പർ : 344/2020
## ഡിവിഷണൽ അക്കൗണ്ടന്റ്
## കേരള സംസ്ഥാന വൈദ്യുതി ബോർഡ്
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : കേരള സംസ്ഥാന വൈദ്യുതി ബോർഡ്
**2 ഉദ്യോഗപ്പേര്** : ഡിവിഷണൽ അക്കൗണ്ടന്റ്
**3 ശമ്പളം** : ₹20170–33230/
**4 ഒഴിവുകളുടെ എണ്ണം** : പട്ടിക വർഗം 1 (ഒന്ന്) എൻ.സി.എ ഒഴിവ്

കുറിപ്പ്: 1.മേൽപ്പറഞ്ഞഒഴിവ്ഇപ്പോൾനിലവിലുള്ളതാണ്. ഈവിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികയുടെ 06.02.2014 തീയതിയിൽ നിലവിൽവന്ന 53/09 കാറ്റഗറി നമ്പർ പ്രകാരമുള്ള റാങ്ക്ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആസമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവരുന്ന ഒഴിവുകളിലേയ്ക്കും നിയമനശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 12.03.2015 കാറ്റഗറി നമ്പർ. 20/15) പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത് .

2. മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ചശേഷം 240ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗസമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല.

6. പ്രായം : 18–41. ഉദ്യോഗാർത്ഥികൾ 01.01.2002നും 02.01.1979നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പടെ) (പൊതു വ്യവസ്ഥയിലെ 2(i)ഉൾപ്പടെ)

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമന കാലത്ത് നിശ്ചിത പ്രായ പരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷകാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റെഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റെഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്2 ലെ പൊതു വ്യവസ്ഥകൾ രണ്ടാം ഖണ്ഡിക (iii), (iv), (vi), (vii), (xii),(xiv) നോക്കുക.)

**7. യോഗ്യതകൾ :** ഒരു അംഗീകൃത സർവ്വകലാശാല ബിരുദത്തോടൊപ്പം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യയോ അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആൻഡ് വർക്സ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യയോ നടത്തുന്ന ഇന്റർമീഡിയേറ്റ് പരീക്ഷ പാസായിരിക്കണം.

അല്ലെങ്കിൽ

ഒന്നാം ക്ലാസ്സിലുള്ള ബി.കോം. ബിരുദവും അതോടൊപ്പം ഗവൺമെൻറ് ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലെ ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് വിഭാഗത്തിൽ 3 വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയവും.

അല്ലെങ്കിൽ

ഒരു അംഗീകൃത സർവ്വകലാശാല ബിരുദത്തോടൊപ്പം ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് വകുപ്പ് നടത്തുന്ന എസ്.എ.എസ് (കമേഴ്സ്യൽ) പരീക്ഷ പാസായിരിക്കണം.

ഈ തസ്തികയിലേയ്ക്ക് നിർദ്ദേശിച്ചിട്ടുള്ള സിലബസിനെ അടിസ്ഥാനമാക്കി ഒരു വിവരണാത്മകമായ എഴുത്തു പരീക്ഷ തെരെഞ്ഞുടുപ്പ് പ്രക്രിയയുടെ ആദ്യ ഘട്ടത്തിൽ നടത്തുന്നതാണ്.

ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്തു പരീക്ഷയുടെ സ്കീമും സിലബസും ചുവടെ ചേർക്കുന്നു.

| Paper | Subject | Maximum Marks | Duration (Hrs) |
|---|---|---|---|
| Paper I | General Knowledge, General English, Arithmetics, Mensuration | 100 | 2 Hrs. |
| Paper II | Advanced Accountancy | 150 | 3 Hrs. |

Note I: General knowledge and General English

This paper is intended to test the abiltiy of the candidates to write clear and simple English and would cover questions of General Knowledge, precise of a given passage, paragraph writing about a given subject, conversation of direct and indirect speeches, sentence correction and usage of idioms and phrases in sentence.

Note II: Advanced Accountancy

Candidates will be expected to have a sound practical knowledge of application of Advanced Accountancy.

The examination will be practical Test of the candidate's knowledge in the following subjects :

* Book keeping up to Trading and Profit and Loss Account and Balance Sheet.
* Capital and Revenue Income and Expenditure and Receipts and payment Accounts.
* Bills of Exchange, Promissory Notes and Cheques.
* Self Balancing System
* Depreciation and Reserves
* Double Account Systems
* Departmental and Branch Accounts
* Sale of Ration, Hire Purchase and Royatly Accounts
* Company Accounts
* Ration analysis, Cash flow/fund flow.

**8 പ്രൊബേഷൻ:** നേരിട്ട് നിയമനം ലഭിക്കുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും. പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയെന്നു പ്രഖ്യാപിക്കുന്നതിലേക്ക് അവർ കെ.എസ്.ഇ.ബിയിലെ ജൂനിയർ അസിസ്റ്റന്റുമാർക്കുള്ള ഡിപ്പാർട്ടുമെന്റൽ പരീക്ഷയും അക്കൗണ്ട്സ് ടെസ്റ്റ് ലോവറും പാസായിരിക്കണം.

12 1. (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (viii), (ix), (x), (xi) &(xiii) എന്നീ ഉപഖണ്ഡികകളും 5(a), 6, 7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 345/2020

## ഡ്രൈവർ ഗ്രേഡ് II / ട്രാക്ടർ ഡ്രൈവർ

## സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

## രണ്ടാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : | ഡ്രൈവർ ഗ്രേഡ് II/ട്രാക്ടർ ഡ്രൈവർ |
| **3. ശമ്പളം** | : | ₹ 9190–15780/ |
| **4. ഒഴിവുകളുടെ എണ്ണം** | : | വിശ്വകർമ്മ–01 (ഒന്ന്) |

**കുറിപ്പ്:** (1)മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്.ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി,ഈ തസ്തികയുടെ 23.10.2018 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും(കാറ്റഗറി നമ്പർ 512/2015)ഉത്ഭവിച്ച മേൽപ്പറഞ്ഞ സംവരണ സമുദായത്തിന്റെ ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും.15.11.2019 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 242/2019 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന്റെ അടിസ്ഥനത്തിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത് .

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്.നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്.എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (വിശ്വകർമ്മ സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം :** 18 – 39.ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002 നു മിടയിൽ ജനിച്ചവരായിരിക്കണം.(രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് രണ്ടിലെ 2(i) ഖണ്ഡികയിലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (vi),(xii) &(xiv) നോക്കുക )

**7. യോഗ്യതകൾ :** (i)ഏഴാം സ്റ്റാന്റേർഡ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം..

(ii) ഹെവി മോട്ടോർ വാഹനങ്ങളും ട്രാക്ടറും ഓടിക്കുവാനുള്ള എൻഡോഴ്സ്മെന്റോടു കൂടിയ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.16.01.1979 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്,ഹെവി പാസഞ്ചർ എന്നീ രണ്ടു തരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം.ഇവയിൽ ഒന്നു മാത്രമുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) ഒരു സർക്കാർ/അർദ്ധസർക്കാർ സ്ഥാപനത്തിലോ രജിസ്റ്റേർഡ് സ്ഥാപനത്തിലോ ഹെവി മോട്ടോർ വാഹനങ്ങൾ ഓടിച്ചുള്ള ഒരു വർഷത്തെ പരിചയം.

(iv) മോട്ടോർ വാഹന നിയമപ്രകാരമുള്ള മെഡിക്കൽ ഫിറ്റ്നസ് ഉണ്ടായിരിക്കണം .

**കുറിപ്പ്:** (2) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.

(3) ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗത്ഭ്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

(4) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള കൃത്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി മെഡിക്കൽ ഫിറ്റ്നസ് തെളിയിക്കേണ്ടതാണ്. കാഴ്ചയെ സംബന്ധിച്ച് സർക്കാർ സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും നിശ്ചിത മാതൃകയിൽ വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(5) ഭിന്നശേഷിക്കാർ ഈ ജോലിക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** 1 പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ നിർദ്ദേശിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ സ്കാന്റ് ഇമേജ് അപ് ലോഡ് ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ .

2 പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിന് ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതായിരിക്കണം.

3 എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

4 പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19 &20 ഖണ്ഡികകൾ കാണുക .

5 ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം .

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

11. (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (ii),(iii),(iv),(v),(vii),(viii),(ix),(x),(xi)&(xiii)ഉപഖണ്ഡികകളും 5(a),6,7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 346/2020

## ഫോർമാൻ (വുഡ് വർക്ക്ഷോപ്പ്)

## കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ)

## രണ്ടാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ) |
| **2. ഉദ്യോഗപ്പേര്** | : | ഫോർമാൻ (വുഡ് വർക്ക്ഷോപ്പ്) |
| **3. ശമ്പളം** | : | ₹ 7990–12930/ (പി.ആർ) |
| **4. ഒഴിവുകളുടെ എണ്ണം** | : | ഈഴവ/തീയ്യ/ബില്ലവ–01 (ഒന്ന്) |

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി,ഈ തസ്തികയുടെ 05.10.2018 തീയതിയിൽ നിലവിൽ വന്ന് റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 278/2014) ഉത്ഭവിച്ച മേൽപ്പറഞ്ഞ സംവരണ സമുദായത്തിന്റെ ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ,ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും.15.10.2019 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 170/2019 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന്റെ അടിസ്ഥനത്തിൽപ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള രണ്ടാം എൻ .സി.എ വിജ്ഞാപനമാണിത്.

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്.നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്.എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ,ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ/തീയ്യ /ബില്ലവ സമുദായത്തിലെ ഉദ്യോഗാർത്ഥി കളിൽ നിന്നുമാത്രം)

**6. പ്രായം** 18–42 (ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).(പൊതുവ്യവസ്ഥകളിലെ പാർട്ട് രണ്ടിലെ 2(i)ഖണ്ഡികയിലെ ആനുകൂല്യം ഉൾപ്പെടെ).

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(vi),(xii)&(xiv)നോക്കുക)

**7. യോഗ്യതകൾ** : 1. മെക്കാനിക്കൽ അല്ലെങ്കിൽ സിവിൽ എഞ്ചിനീയറിംഗിലുള്ള ബിരുദം കൂടാതെ

2. ആധുനിക യന്ത്രവൽകൃത വുഡ് വർക്ക്ഷോപ്പിൽ സൂപ്പർവൈസറായി ജോലി ചെയ്തിട്ടുള്ള ഒരു വർഷത്തെ പരിചയം.

അല്ലെങ്കിൽ

1. മെക്കാനിക്കൽ അല്ലെങ്കിൽ സിവിൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ കൂടാതെ

2. ആധുനിക യന്ത്രവൽകൃത വുഡ് വർക്ക്ഷോപ്പിൽ സൂപ്പർവൈസറായി ജോലി ചെയ്തിട്ടുള്ള മൂന്നു വർഷത്തെ പരിചയം.

**(പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : 1. പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ നിർദ്ദശിച്ച മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റിന്റെ സ്കാൻഡ് ഇമേജ് അപ് ലോഡ് ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കാൻ കഴിയുള്ളൂ.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19 & 20 ഖണ്ഡികകൾ കാണുക.

5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതി സൂചിപ്പിക്കണം.

11. (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (ii),(iii),(iv),(viii),(ix),(x)(xi)& (xiii) ഉപഖണ്ഡികകളും 5(a)6,7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 347/2020

## ഓവർസിയർ ഗ്രേഡ് II/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II

## കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

## ഒന്നാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| **1 സ്ഥാപനം** | : | കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| **2 ഉദ്യോഗപ്പേര്** | : | ഓവർസിയർ ഗ്രേഡ് II ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (ഒന്നാം എൻ.സി.എ – എൽ.സി/എ.ഐ) |
| **3 ശമ്പളം** | : | ₹ 6680 – 10790 |
| **4 ഒഴിവുകളുടെ എണ്ണം** | : | ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇന്ത്യൻ 1 (ഒന്ന്) |

**നോട്ട്:** (i) മുകളിൽ പറയുന്ന തസ്തികയുടെ ചുരുക്കപ്പട്ടിക/സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തുവാൻ സാദ്ധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യതയനുസരിച്ച് തീരുമാനിക്കുന്നതാണ്.

(ii) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി, ഈ തസ്തികയുടെ 08.08.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും(കാറ്റഗറി നം. 257/2013) മേൽപ്പറഞ്ഞ സംവരണ സമുദായത്തിന്റെ ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും.

(iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (ലാറ്റിൻ കാത്തലിക് സമുദായത്തിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6 പ്രായം** : 18–39, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (മേൽ സൂചിപ്പിച്ച സംവരണ വിഭാഗത്തിന് അർഹമായ വയസ്സിളവ് ഉൾപ്പെടെ)

**നോട്ട്:**പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ

**(ശേഷം പേജ് 24ൽ)**



# കലയും സാഹിത്യവും-23


1. 'ഡ്രീമിങ്ങ് ബിഗ്: മൈ ജേർണി ടു കണക്ട് ഇന്ത്യ' എന്ന ആത്മകഥ ആരുടെ രചനയാണ്?
**സാം പിത്രോദ**
2. 2020 ലെ നൊബേൽ സമ്മാനജേതാവായ ലൂയിസ് ഗ്ലിക്കിന് പുലിറ്റ്സർ പുരസ്കാരം നേടിക്കൊടുത്ത




പ്രശസ്ത കൃതി.
**ദ വൈൽഡ് ഐറിസ്**
3. നൊബേൽ പുരസ്കാരം നേടിയ ആദ്യ അമേരിക്കൻ എഴുത്തുകാരി.
**ടോണി മോറിസൺ**
4. തുളസിദാസ്, കബിർദാസ്, മീരാഭായി എന്നിവരുടെ ഭക്തിഗാനങ്ങളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെട്ടുവന്ന ആസാമിലെ നൃത്ത സംഗീത രൂപം.
**സാത്രിയ**
5. 'സാങായി മേള' ഏത് സംസ്ഥാനത്തെ ആഘോഷമാണ്?
**മണിപ്പൂർ**
6. ജസ്രംഗി രാഗം രൂപകൽപന ചെയ്ത പ്രശസ്ത ഹിന്ദുസ്ഥാനി സംഗീതജ്ഞൻ.
**പണ്ഡിറ്റ് ജസ്രാജ്**
5. ഇംഗ്ലണ്ടിലെ ആദ്യത്തെ ആസ്ഥാന കവി
**ജോൺ ഡ്രൈഡൻ**
6. 'കാണുക വിശ്വസിക്കലാണ്' എന്ന ചലച്ചിത്രഗ്രന്ഥം രചിച്ച ഇന്ത്യയിലെ ആദ്യത്തെ ചലച്ചിത്രചിന്തകൻ.
**ചിദാനന്ദദാസ് ഗുപ്ത**
7. ബസവശ്രീ അവാർഡ് വിതരണം ചെയ്യുന്ന സംസ്ഥാനം.
**കർണ്ണാടക**
8. ഇന്ത്യയിലെ ഏത് ക്ഷേത്രത്തെയാണ് യൂറോപ്യർ 'ബ്ലാക്ക് പഗോഡ' എന്ന് വിളിച്ചത്?



**കൊണാർക്ക് സൂര്യക്ഷേത്രം**
9. ഏത് മേഖലയിലെ മികവിനാണ് വ്യാസ സമ്മാൻ വിതരണം ചെയ്യുന്നത്?
**സാഹിത്യം**
10. മാടമ്പ് കുഞ്ഞുക്കുട്ടൻ ആരുടെ തൂലികനാമമാണ്?
**പി ശങ്കരൻ നമ്പൂതിരി**
11. ഷേക്സ്പിയറുടെ പ്രശസ്ത നാടകമായ 'വെനീസിലെ വ്യാപാരി'യെ അടിസ്ഥാനപ്പെടുത്തി രചിച്ച ആട്ടക്കഥ.
**പോർഷ്യാ സ്വയംവരം**
12. അർജുന അവാർഡ് വിതരണം ആരംഭിച്ച വർഷം.
**1961**
13. ദ്രോണാചാര്യ അവാർഡ് ആർക്കാണ് നൽകുന്നത്?
**കായിക പരിശീലകർക്ക്**
14. സമാന്തര നൊബേൽ പുരസ്കാരം എന്നറിയപ്പെടുന്നത്.
**റൈറ്റ് ലൈവ്ലി ഹുഡ് അവാർഡ്**
15. ചേതൻ ഭഗതിന്റെ പ്രശസ്ത ആത്മകഥ.
**ത്രീ മിസ്റ്റേക്സ് ഓഫ് മൈ ലൈഫ്**
16. 'ബെഞ്ച് ഓഫ് ഓൾഡ് ലെറ്റേഴ്സ്' എഴുതിയത്
**ജവഹർലാൽ നെഹ്റു**
17. സംഗീത ഉപകരണമായ സിതാർ കണ്ടുപിടിച്ചത്.
**അമീർ ഖുസ്രു**
18. 1948 ൽ ബോംബെ പ്രോഗ്രസീവ് ആർട്ടിസ്റ്റ്സ് ഗ്രൂപ്പ് സ്ഥാപിച്ചത്.
**ഫ്രാൻസിസ് ന്യൂട്ടൺ സൂസ**
19. നൊബേൽ പുരസ്കാരം നേടിയ ആദ്യ ചൈനീസ് എഴുത്തുകാരൻ.
**ഗാവൊ ഷിങ്ങ്ജ്യാൻ** (Gao Xingjian)
20. വയലാർ അവാർഡ് വിതരണം ചെയ്യുന്ന തീയതി
**ഒക്ടോബർ 27** (വയലാറിന്റെ ചരമദിനം)
21. ഭാരതീയ ഭാഷകളിൽ ആദ്യത്തെ മഹാകാവ്യം രൂപംകൊണ്ടത് ഏത് ഭാഷയിലാണ്?
**സംസ്കൃതം**
22. 'ഏക് ലാ ചലോ റെ' എന്ന ഗാനം രചിച്ചത്.



**രബീന്ദ്രനാഥ ടാഗോർ**
23. 'ട്രൂത്ത്, ലവ് ആന്റ് മാലിസ്' എന്ന കൃതിയുടെ രചയിതാവ്.
**ഖുഷ്വന്ത് സിങ്ങ്**
24. ലോകത്തെ ഭക്ഷണലഭ്യത, ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുന്നതിനു വേൾഡ് ഫുഡ് പ്രൈസ് സ്ഥാപിച്ചത്.
**നോർമൻ ബോർലോഗ്**
25. കേരളത്തിന്റെ ആദ്യത്തെ സാഹിത്യ മാസിക.
**വിദ്യവിലാസിനി**
26. 'മൈ റ്റൈംസ്' ആരുടെ ആത്മകഥയാണ്?
**ജെ. ബി. കൃപലാനി**
27. ''അറിവാണ് ശക്തി'' എന്ന പ്രശ്സ്ത വാചകം ആരുടേതാണ്?
**ഫ്രാൻസിസ് ബേക്കൺ**
28. ഹോളി ആഘോഷസമയത്ത് ആനകളെ അലങ്കരിച്ച് എഴുന്നള്ളിക്കുന്ന ഗജമേള സംഘടിപ്പിക്കുന്ന രാജസ്ഥാനിലെ നഗരം.
**ജയ്പൂർ**
29. ആംഗലേയ സാഹിത്യകാരി വിർജിനിയ വുൾഫ് രചിച്ച ആദ്യ നോവൽ.
**ദ വൊയേജ് ഔട്ട്**
30. വില്ല്യം ഷേക്സ്പിയറുടെ സമകാലീനനായ നാടകകൃത്ത്.
**ക്രിസ്റ്റഫർ മർലോ**
31 ആശാപൂർണ്ണാദേവിക്ക് ജ്ഞാനപീഠ പുരസ്കാരം നേടിക്കൊടുത്ത കൃതി.
**പ്രഥമ പ്രതിശ്രുതി**
32. വില്ല്യം ഷേക്സ്പിയറുടെ ഏറ്റവും ചെറിയ നാടകം
**ദ കോമഡി ഓഫ് എറേഴ്സ്** (The Comedy of Errors)
33. രാമനാട്ടം എന്ന പ്രാചീന കലാരൂപത്തിന്റെ ഈറ്റില്ലം.
**കൊട്ടാരക്കര**
34. ബോധിസത്വാ പത്മപാണി ചിത്രം എവിടെയാണ് കാണപ്പെട്ടത്?
**അജന്ത ഗുഹ**
35. സംസ്കൃത പുസ്തകം 'ഭക്തിമഞ്ജരി' എഴുതിയത്
**സ്വാതി തിരുനാൾ**
36. പ്രശസ്ത നാടോടി സംഗീതമായ 'രാഗിണി' ഏത് സംസ്ഥാനത്താണ് പ്രചാരത്തിലുള്ളത്?
**ഹരിയാന**
37. ഇന്ത്യയിൽ പല ഭാഗത്തും ടിബറ്റൻ ബുദ്ധിസ്റ്റുകൾ ആഘോഷിക്കുന്ന ഉത്സവം.
**ലോസർ ഫെസ്റ്റിവൽ**
38. പണ്ട്വാനി നാടോടി സംഗീതരൂപം ഏത് സംസ്ഥാനത്താണ് പ്രചാരത്തിലുള്ളത്?
'ഛത്തീസ്ഗഢ്'
39. കത്തിയ തടിയിൽ നിർമ്മിച്ച ശിൽപ പരമ്പരകൾക്ക് പ്രശ്സ്തനായ ഇന്ത്യൻ ശിൽപി
**സതീഷ് ഗുജ്റാൾ**
40. 'എന്റെ രാജ്യം എന്റെ ജീവിതം' ആരുടെ അത്മകഥയാണ്?
**എൽ. കെ. അദ്വാനി**
41. 2004 ലെ സാഹിത്യ നൊബേൽ ജേതാവായ ഈ എഴുത്തുകാരിയുടെ ഏറ്റവും പുതിയ നാടകം 'ഓൺ ദ റോയൽ റോഡ്' അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പിന്റെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ആരാണ് ഈ ആസ്ട്രിയൻ എഴുത്തുകാരി?
**എൽഫ്രീദ് എലിനെക്**
42. ചലച്ചിത്രമാക്കപ്പെട്ട ആദ്യ മലയാള നോവൽ.
**മാർത്താണ്ഡവർമ്മ**
43. ഒ.എൻ.വി.കുറുപ്പിന്റെ ആത്മകഥ.
**പോക്കുവെയിൽ മണ്ണിലെഴുതിയത്**
44. മലയാളത്തിലെ ആദ്യത്തെ യുക്തിവാദി മാസിക 'യുക്തിവാദി'എവിടെനിന്നാണ് പ്രസിദ്ധീകരിച്ചത്?
**എറണാകുളം**
45. കഥകളിയുടെ സാഹിത്യരൂപം.
**ആട്ടക്കഥ**
46. 'ജുറാസിക് പാർക്ക്' എന്ന നോവൽ രചിച്ചത്.
**മൈക്കിൾ ക്രിക്ടൺ**
47. രംഗനാഥ സ്വാമിക്ഷേത്രം എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
**ശ്രീരംഗം**
48. ഏത് സംസ്ഥാനത്താണ് ബിഹു ആഘോഷിക്കുന്നത്?
**ആസാം**
49. ഏത് സംഗീത ഉപകരണത്തിലാണ് പന്നലാൽ ഘോഷ് കഴിവ് തെളിയിച്ചത്?
**പുല്ലാങ്കുഴൽ**
50. ബോനരു സംഗീത കല മേള എവിടെയാണ് നടക്കുന്നത്?
**മാഞ്ചസ്റ്റർ** (Tennessee, USA)





# ഇന്ത്യചരിത്രം- നാൾവഴികൾ

10000 ബി.സി. യ്ക്ക് മുമ്പ്- പ്രാചീന ശിലായുഗം.
6000 ബി.സി.യ്ക്ക് മുമ്പ്- മധ്യ ശിലായുഗം.
3000 ബി.സി.യ്ക്ക് മുമ്പ്- നവീന ശിലായുഗം.
3000 ബി.സി.1500 ബി.സി.- ഹാരപ്പൻ/സിന്ധുനദീതട സംസ്കാരം.
1500 ബി.സി.1000 ബി.സി.- ഋഗ്വേദ കാലഘട്ടം.
1000 ബി.സി.600 ബി.സി.- പിൽക്കാല വേദ കാലഘട്ടം (സാമവേദം, യജുർവേദം, അഥർവ്വവേദം).
563 ബി.സി. ഗൗതമബുദ്ധന്റെ ജനനം.
540 ബി.സി. മഹാവീരന്റെ ജനനം.
483 ബി.സി. ഗൗതമബുദ്ധന്റെ നിർവ്വാണം.
483 ബി.സി. രാജഗ്രഹയിൽവെച്ച് ഒന്നാമത്തെ ബുദ്ധമത സമ്മേളനം.
468 ബി.സി. മഹാവീരന്റെ നിർവ്വാണം.
383 ബി.സി. വൈശാലിയിൽവെച്ച് രണ്ടാമത്തെ ബുദ്ധമത സമ്മേളനം.
327 ബി.സി. മഹാനായ അലക്സാണ്ടറുടെ ഇന്ത്യൻ ആക്രമണവും ഹൈഡഡ്സ്പക് യുദ്ധത്തിൽ പഞ്ചാബിലെ ഭരണാധി



കാരിയായിരുന്ന പോറസിന്റെ പരാജയവും.
323 ബി.സി. ബാബിലോണിൽവെച്ച് അലക്സാണ്ടറുടെ അന്ത്യം.
322 ബി.സി. ചന്ദ്രഗുപ്തമൗര്യൻ മൗര്യരാജവംശം സ്ഥാപിച്ചു.
303 ബി.സി. ചന്ദ്രഗുപ്തമൗര്യൻ അലക്സാണ്ടറുടെ ജനറലായിരുന്ന സെല്യൂക്കസ് നിക്കേറ്ററിനെ പരാജയപ്പെടുത്തി.
298 ബി.സി. ചന്ദ്രഗുപ്തമൗര്യന്റെ മകൾ ബിന്ദുസാരന്റെ കിരീടധാരണം.
272 ബി.സി. ബിന്ദുസാരന്റെ മകൻ അശോകൻ മൗര്യരാജാവായി.
261 ബി.സി. അശോകന്റെ കലിംഗയുദ്ധം
250 ബി.സി. പാടലീപുത്രത്തിൽവെച്ച് മൂന്നാമത്തെ ബുദ്ധമത സമ്മേളനം
180 ബി.സി. മൗര്യരാജവംശത്തിന്റെ പതനം.
180 ബി.സി. പുഷ്യമിത്രസുംഗൻ സുംഗരാജവംശം സ്ഥാപിച്ചു.
30 ബി.സി. സിമുഖൻ ശതവാഹണ രാജവംശം സ്ഥാപിച്ചു.
40 എ.ഡി. ശാകരാജവംശം സ്ഥാപിക്കപ്പെട്ടു.
52 എ.ഡി. സെന്റ് തോമസ് പാർത്ഥിയൻ രാജാവായ ഗോണ്ടോ ഫെർനസിന്റെ സദസ്സ് സന്ദർശിച്ചു.
78 എ.ഡി. കനിഷ്കൻ ശകവർഷം ആരംഭിച്ചു.
320 എ.ഡി. ചന്ദ്രഗുപ്ത ഒന്നാമൻ ഗുപ്തസാമ്രാജ്യം സ്ഥാപിച്ചു.
320 എ.ഡി. ഗുപ്തവർഷം ആരംഭിച്ചു.
330 എ.ഡി. ചന്ദ്രഗുപ്തൻ ഒന്നാമന്റെ മകൻ സമുദ്രഗുപ്തൻ രാജാവായി.
360 എ.ഡി. സമുദ്രഗുപ്തൻ വടക്കേ ഇന്ത്യ പൂർണ്ണമായും. തെക്കേ ഇന്ത്യ ഭാഗികമായും കീഴടക്കി.
380 എ.ഡി. സമുദ്രഗുപ്തന്റെ മകൻ ചന്ദ്രഗുപ്ത വിക്രമാദിത്യൻ രാജാവായി.
606 എ.ഡി. ഹർഷവർദ്ധനൻ രാജാവായി.
622 എ.ഡി. ഹിജ്റവർഷം ആരംഭിച്ചു.
712 എ.ഡി. അറബികളുടെ (മുഹമ്മദ്ബിൻ ഖാസിം) സിന്ധ് ആക്രമണം.
753 എ.ഡി. ദന്തിദുർഗ്ഗൻ രാഷ്ട്രകൂട രാജവംശം സ്ഥാപിച്ചു.
1000 എ.ഡി. മുഹമ്മദ് ഗസ്നിയുടെ ആദ്യത്തെ ആക്രമണം.
1026 എ.ഡി. മുഹമ്മദ് ഗസ്നി ഗുജറാത്തിലെ സോമനാഥ ക്ഷേത്രം നശിപ്പിച്ചു.
1191 എ.ഡി. ഒന്നാം തറൈൻ യുദ്ധത്തിൽ ഡൽഹിയിലെ രാജാവായിരുന്ന പ്രിഥിരാജ് ചൗഹാൻ മുഹമ്മദ് ഗോറിയെ പരാജയപ്പെടുത്തി.
1192 എ.ഡി. രണ്ടാം തറൈൻയുദ്ധത്തിൽ മുഹമ്മദ്ഗോറി പ്രിഥിരാജ് ചൗഹാനെ പരാജയപ്പെടുത്തുകയും ഇന്ത്യയിൽ മുസ്ലീം ഭരണം സ്ഥാപിക്കുകയും ചെയ്തു.
1206 എ.ഡി. ഖുത്തബ്ദീൻ ഐബക് ഇന്ത്യയിലെ ആദ്യത്തെ മുസ്ലീം രാജവംശമായ അടിമവംശം സ്ഥാപിച്ചു.
1221 എ.ഡി. ചെങ്കിഷ്ഖാന്റെ നേതൃത്വത്തിൽ മംഗോളിയരുടെ ഇന്ത്യൻ ആക്രമണം.
1226 എ.ഡി. അടിമവംശത്തിലെ ശക്തനായ രാജാവായിരുന്ന ഗിയാസുദീൻ ബാൽബൻ രാജാവായി.
1290 എ.ഡി. ജലാലുദീൻ ഖിൽജി ഖിൽജി രാജവംശം സ്ഥാപിച്ചു.
1298 എ.ഡി. ഇറ്റാലിയൻ സഞ്ചാരിയായ മാർക്കോപോളോ ഇന്ത്യ സന്ദർശിച്ചു.
1320 എ.ഡി. ഗിയാസുദീൻ തുഗ്ലക്ക് തുഗ്ലക്ക് രാജവംശം സ്ഥാപിച്ചു.
1325 എ.ഡി. മുഹമ്മദ് ബിൻ തുഗ്ലക്ക് രാജാവായി.
1333 എ.ഡി. ആഫ്രിക്കൻ സഞ്ചാരി ഇബൻബത്തൂത്ത ഇന്ത്യ സന്ദർശിച്ചു.
1336 എ.ഡി. ഹരിഹരനും ബുക്കനും വിജയനഗര സാമ്രാജ്യം സ്ഥാപിച്ചു.
1398 എ.ഡി. തുഗ്ലക്ക് രാജവംശം നശിക്കാനിടയായ തിമൂറിന്റെ ആക്രമണം.
1414 എ.ഡി. ഖിസിർഖാൻ സയ്യിദ് രാജവംശം സ്ഥാപിച്ചു.
1451 എ.ഡി. ബഹലൂൽ ലോധി ലോധിരാജവംശം സ്ഥാപിച്ചു.
1469 എ.ഡി. ഗുരുനാനാക്കിന്റെ ജനനം.
1498 എ.ഡി. വാസ്കോഡഗാമ കോഴിക്കോട് കപ്പലിറങ്ങി.
1526 എ.ഡി. ഒന്നാം പാനിപ്പട്ട് യുദ്ധത്തിൽ ബാബർ ഇബ്രാഹിം ലോധിയെ പരാജയപ്പെടുത്തി മുഗൾ സാമ്രാജ്യം സ്ഥാപിച്ചു.
1527 എ.ഡി. കണ്വായുദ്ധത്തിൽ ബാബർ മേവാറിലെ റാണ സംഗയെ പരാജയപ്പെടുത്തി.
1530 എ.ഡി. ബാബറിന്റെ മകൻ ഹുമയൂൺ രാജാവായി.
1539 എ.ഡി. ചൗസയുദ്ധത്തിൽ ഷേർഷാസുരി ഹുമയൂണിനെ പരാജയപ്പെടുത്തി; ഗുരുനാനാക്കിന്റെ അന്ത്യം.
1540 എ.ഡി. കനൗജ് യുദ്ധത്തിൽ ഷേർഷാസുരി ഹുമയൂണിനെ പരാജയപ്പെടുത്തി ഡെൽഹി സിംഹാസനം പിടിച്ചടക്കി സൂർ രാജവംശം സ്ഥാപിച്ചു.
1555 എ.ഡി. സിർഹിന്ദ് യുദ്ധത്തിൽ സുർ രാജവംശത്തിലെ അവസാനത്തെ രാജാവായിരുന്ന അസ്ലംഷാസൂരിയെ ഹുമയൂൺ പരാജയപ്പെടുത്തി മുഗൾ രാജവംശം പുന:സ്ഥാപിച്ചു.
1556 എ.ഡി. ഹുമയൂണിന്റെ അന്ത്യത്തെതുടർന്ന് അക്ബർ രാജാവായി. രണ്ടാം പാനിപ്പട്ട് യുദ്ധത്തിൽ അക്ബർ ഹേമുവിനെ പരാജയപ്പെടുത്തി.
1564 എ.ഡി. അക്ബർ ജെസിയ എന്ന നികുതി നിരോധിച്ചു.
1565 എ.ഡി. ഡെക്കാണിലെ മുസ്ലീം രാജാക്കന്മാർ വിജയനഗര സാമ്രാജ്യത്തെ പരാജയപ്പെടുത്തിയ തളിക്കോട്ട യുദ്ധം. ഈ യുദ്ധത്തോടെ വിജയനഗര സാമ്രാജ്യം അധഃപതിച്ചു.
1571 എ.ഡി. അക്ബർ ഫത്തേപ്പൂർസിക്രി പണികഴിപ്പിച്ചു.



1576 എ.ഡി. ഹാൽദിഘട്ട് യുദ്ധത്തിൽ അക്ബർ മേവാറിലെ ഭരണാധികാരിയായിരുന്ന മഹാറാണ പ്രതാപിനെ പരാജയപ്പെടുത്തി.
1582 എ.ഡി. അക്ബർ ദിൻഇലാഹി എന്ന പുതിയ മതം സ്ഥാപിച്ചു.
1600 എ.ഡി. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി രൂപീകരിക്കുന്നതിനുള്ള ചാർട്ടറിൽ എലിസബത്ത് രാജ്ഞി ഒപ്പുവെച്ചു.
1602 എ.ഡി. ഡച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനി രൂപീകരിച്ചു.
1604 എ.ഡി. സിക്കുകാരുടെ മതഗ്രന്ഥമായ ആദി ഗ്രന്ഥം ഗുരു അർജ്ജുൻദേവ് രചിച്ചു.
1605 എ.ഡി. അക്ബറിന്റെ അന്ത്യത്തെ തുടർന്ന് ജഹാംഗീർ മുഗൾ രാജാവായി. ഡച്ചുകാർ അവരുടെ ആദ്യത്തെ ഫാക്ടറി മസൂചി പട്ടണത്തിൽ സ്ഥാപിച്ചു.
1606 എ.ഡി. സിക്കുഗുരുവായിരുന്ന ഗുരു അർജ്ജുൻ ദേവിനെ ജഹാംഗീർ തൂക്കിക്കൊന്നു.
1608 എ.ഡി. ഇന്ത്യയുമായി വാണിജ്യത്തിനുള്ള അനുവാദത്തിനായി ക്യാപ്റ്റർ വില്യം ഹോക്കിൻസ് ജഹാംഗീറിന്റെ സദസ്സ് സന്ദർശിച്ചെങ്കിലും അനുവാദം ലഭിച്ചില്ല.
1613 എ.ഡി. ബ്രിട്ടീഷുകാർക്ക് സൂറത്തിൽ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി സർ തോമസ് റോ ജഹാംഗീറിന്റെ സദസ്സ് സന്ദർശിക്കുകയും അനുവാദം നേടുകയും ചെയ്തു.
1615 എ.ഡി. ബ്രിട്ടീഷുകാർ ഇന്ത്യയിലെ അവരുടെ ആദ്യത്തെ ഫാക്ടറി ഗുജറാത്തിലെ സൂറത്തിൽ സ്ഥാപിച്ചു.
1619 എ.ഡി. ജഹാംഗീർ ഡച്ചുകാർക്ക് ഇന്ത്യയിൽ വാണിജ്യം നടത്തുന്നതിനുള്ള അനുവാദംനൽകി.
1627 എ.ഡി. ജഹാംഗീറിന്റെ അന്ത്യത്തെതുടർന്ന് ഷാജഹാൻ (പ്രിൻസ്ഖുറം) മുഗൾ രാജാവായി. മറാത്ത രാജവംശസ്ഥാപകനായ ശിവജി ശിവ്നർ എന്ന സ്ഥലത്ത് ജനിച്ചു.
1631 എ.ഡി. മുംതാസ്മഹലിന്റെ അന്ത്യം.
1658 എ.ഡി. മുഗൾ രാജാവായിരുന്ന ഷാജഹാനെ ജയിലിലടച്ചതിനുശേഷം ഔറംഗസേബ് മുഗൾ രാജാവായി.
1666 എ.ഡി. ഷാജഹാന്റെ അന്ത്യവും ഗുരുഗോവിന്ദ്സിംഗിന്റെ ജനനവും
1675 എ.ഡി. സിക്ക് ഗുരുവായിരുന്ന ഗുരു തേജ് ബഹദൂറിനെ ഔറംഗസേബ് തൂക്കിക്കൊന്നു.
1699 എ.ഡി. ഗുരുഗോബിന്ദ്സിംഗ് മുഗളർക്കെതിരെ "ഖൽസ" എന്ന പേരിൽ ഒരു തീവ്രവാദ സംഘടന ആരംഭിച്ചു.
1707 എ.ഡി. ഔറംഗസേബിന്റെ അന്ത്യം.
1708 എ.ഡി. ഗുരു ഗോബിന്ദ്സിംഗ് അന്തരിച്ചു
1746 എ.ഡി. ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ഏറ്റുമുട്ടി



യ ഒന്നാം കർണ്ണാട്ടിക് യുദ്ധം (1-ാം ആംഗ്ലോ ഫ്രഞ്ച് യുദ്ധം).
1756 എ.ഡി. ബംഗാളിൽ ഇരുട്ടറ ദുരന്തം
1757 എ.ഡി. പ്ലാസിയുദ്ധത്തിൽ റോബർട്ട് ക്ലൈവ് ബംഗാളിലെ നവാബായിരുന്ന സിറാജ് ഉദ് ദൗളയെ പരാജയപ്പെടുത്തി. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറപാകിയ യുദ്ധമാണ് പ്ലാസിയുദ്ധം.
1760 എ.ഡി. വാണ്ടിവാഷ് യുദ്ധത്തിൽ ബ്രിട്ടീഷുകാർ ഫ്രഞ്ചുകാരെ പരാജയപ്പെടുത്തി. ഇന്ത്യയിൽ ഫ്രഞ്ചുകാരുടെ വളർച്ചയെ അവസാനിപ്പിച്ച യുദ്ധമാണിത്.
1761 എ.ഡി. മൂന്നാം പാനിപ്പട്ട് യുദ്ധത്തിൽ അഹമ്മദ് ഷാ അബ്ദാലി മറാത്തികളെ പരാജയപ്പെടുത്തി. ഇന്ത്യയിൽ മറാത്ത ഭരണകൂടത്തിന്റെ വളർച്ച അവസാനിച്ചു.
1764 എ.ഡി. ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ പരമോന്നതശക്തി സ്ഥാപിച്ച ബക്സർ യുദ്ധം.
1765 എ.ഡി. ബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ പ്രദേശങ്ങളിൽനിന്ന് നികുതി പിരിച്ചെടുക്കാനുള്ള അവകാശം ബ്രിട്ടീഷുകാർ നേടിയെടുത്തു.
1767–69 എ.ഡി. ഹൈദരാലി ബ്രിട്ടീഷുകാരെ പരാജയപ്പെടുത്തിയ ഒന്നാം ആംഗ്ലോ-മൈസൂർ യുദ്ധം.
1773 എ.ഡി. വാറൻഹേസ്റ്റിംഗ്സിന്റെ ഭരണകാലത്ത് ബ്രിട്ടീഷ് പാർലമെന്റ് റെഗുലേറ്റിംഗ് ആക്ട് പാസ്സാക്കി. •



# സിങ്കിൾ സെൽ പ്രോട്ടീൻ- ഒരു പകരക്കാരൻ

ബി സുരേഷ്

നിലനിൽപ്പിന് ആഹാരം അത്യന്താപേക്ഷിതമാണല്ലോ; എന്നാൽ പരമ്പരാഗത കൃഷി രീതികൊണ്ട് ഉൽപ്പാദിപ്പിക്കപ്പെടുന്ന ധാന്യങ്ങൾ, പയറുവർഗങ്ങൾ, പച്ചക്കറികൾ, പഴവർഗങ്ങൾ എന്നിവ അനിയന്ത്രിതമായി വർധിച്ചുവരുന്ന മനുഷ്യരുടെയും പക്ഷി മൃഗാദികളുടെയും എണ്ണത്തിനനുസരിച്ച് ആഹാരമായി പര്യാപ്തമല്ല. ഇത്തരം കാർഷിക ഉൽപ്പന്നങ്ങൾക്ക് പകരം ഇറച്ചി, ആഹാരമായി ഉപയോഗിക്കാമെന്ന് കരുതിയാൽ അതും പ്രായോഗികമല്ല. കാരണം 3 മുതൽ 10 കിലോഗ്രാം ധാന്യങ്ങൾ ഉപയോഗിച്ച് മൃഗപരിപാലനത്തിലൂടെ ശരാശരി ഒരു കിലോഗ്രാം ഇറച്ചി മാത്രമേ ഉൽപ്പാദിപ്പിക്കാൻ കഴിയൂ. ഇപ്രകാരം കുറഞ്ഞ അളവ് ഇറച്ചി ഉൽപ്പാദനത്തിന് കൂടിയ അളവ് കാർഷിക ഉൽപ്പന്നങ്ങൾ വേണ്ടിവരുന്നു എന്നത് ഈ വിഷയത്തെ കൂടുതൽ സങ്കീർണമാക്കുന്നു. പ്രകൃതിയിൽ 25 ശതമാനത്തോളം ആളുകൾ പോഷകഗുണമില്ലാത്ത ആഹാരം ലഭിക്കുന്നവരും പട്ടിണി കിടക്കുന്നവരുമാണ്. ഈ സ്ഥിതിക്കുള്ള പരിഹാര മാർഗങ്ങളിൽ ഒന്നാണ് മനുഷ്യനും പക്ഷിമൃഗാദികൾക്കുമുള്ള ആഹാരത്തിനായി സൂക്ഷ്മ ജീവികളെ ഉയർന്ന അളവിൽ വളർത്തി അവയിൽ നിന്നും മാംസ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സിങ്കിൾ സെൽ പ്രോട്ടീൻ (Single Cell Protein) എന്നത്.

മാംസ്യം (Protein) കൂടുതൽ അടങ്ങിയിട്ടുള്ള സൂക്ഷ്മജീവികളായ ഫംഗസുകൾ, ആൽഗകൾ, ബാക്ടീരിയകൾ എന്നിവയെ ചെലവ് കുറഞ്ഞ ഓർഗാനിക് പദാർഥങ്ങളായ വൈയ്ക്കോൽ, ഈർച്ചപ്പൊടി, കാർഷിക ഉൽപ്പന്നങ്ങൾ സംസ്കരിക്കുന്ന വ്യവസായിക ശാലകളിൽ നിന്നും പുറന്തള്ളുന്ന വസ്തുക്കൾ (eg. Whey) ചാണകം, ഓർഗാനിക് ചപ്പുചവറുകൾ എന്നിവ ഉപയോഗിച്ച് വ്യവസായികമായി വലിയ അളവിൽ പ്രത്യുല്പാദനം നടത്തി എടുക്കുന്ന രീതിയാണ് സിങ്കിൾ സെൽ പ്രോട്ടീൻ അഥവാ SCP. ഇതിനു നൽകിയ പേരിൽ നിന്ന് ഏകകോശ സൂക്ഷ്മ ജീവികളിൽനിന്ന് മാത്രമാണ് പ്രോട്ടീൻ ഉൽപ്പാദിപ്പിക്കുന്നത് എന്ന് തെറ്റിദ്ധരിക്കേണ്ട. മാംസ്യം അഥവാ പ്രോട്ടീൻ, കോശങ്ങളിൽ ധാരാളം അടങ്ങിയിട്ടുള്ള ഏകകോശ, ബഹുകോശ സൂക്ഷ്മ ജീവികളെയെല്ലാം ഇതിനായി ഉപയോഗിക്കുന്നു. സൂക്ഷ്മജീവികൾ ചുരുങ്ങിയ സമയം കൊണ്ട് പ്രത്യുല്പാദനം നടത്തി പുതിയ കോശങ്ങൾ നിർമിച്ച് biomass വർധിപ്പിക്കുന്നു എന്നതാണ് ഈ പ്രക്രിയയുടെ തത്വം.



ഈ രീതിയിലെ ഏറ്റവും പുരാതനമായ ഒന്നാണ് കൂൺ കൃഷി. Mushrooms, Candida Utilis, Fusarium graminearum എന്നീ ഫംഗസുകൾ വലിയതോതിൽ കൾച്ചർ ചെയ്യപ്പെടുകയും അനവധി ആളുകൾ ആഹാരമായി ഉപയോഗിക്കുകയും ചെയ്യുന്നു. Spirulina എന്ന ഏകകോശ ആൾഗകളെ വളരെ വേഗം കൾച്ചർ ചെയ്ത് വലിയ അളവിലുള്ള biomass ഉണ്ടാക്കിയെടുക്കുന്നു. മാംസ്യം, ധാതുക്കൾ, വിറ്റാമീനുകൾ എന്നിവ അടങ്ങിയ Spirulina ധാന്യവിളകൾക്കൊപ്പം കലർത്തിയും ആഹാരമായി ഉപയോഗിക്കുന്നു. Methylophilus Methylotrophus എന്ന ബാക്ടീരിയ ബയോമാസ് നിർമാണത്തിൽ വളരെ ഉയർന്ന തോതുള്ളതാണ്. കണക്കനുസരിച്ച് ഒരു ദിവസം 250 കിലോ ഭാരമുള്ള ഒരു പശു 200 ഗ്രാം മാംസ്യം ഉൽപ്പാദിപ്പിക്കുമ്പോൾ 250 ഗ്രാം ഭാരമുള്ള ഈ ബാക്ടീരിയൽ ബയോമാസ് 25 ടൺ മാംസ്യമാണ് ഇതേ സമയം കൊണ്ട് നിർമിക്കുന്നത്!




Chondrus crispus

| Common Microbes as SCP Producers | | |
|---|---|---|
| No | Types of Microbe | Scientific Name |
| 1 | Fungi (Filamentous) | Aspergillus fumigatus<br>Aspergillus niger<br>Fusarium graminearum<br>Rhizopus cyclopean |
| 2 | Yeast | Saccharomyces cerevisiae<br>Candida utilis |
| 3 | Mushroom | Agaricus<br>Auricularia |
| 4 | Algae | Spirulina<br>Chlorella pyrenoidosa<br>Chondrus crispus |
| 5 | Bacteria | Pseudomonas, fluorescence<br>Lactobacillus<br>Bacillus megaterium<br>Methylophilus methylotrophus |



Spirulina




Bioreactor

സിങ്കിൾ സെൽ പ്രോട്ടീനിൽ മാംസ്യത്തിന്റെ അളവ് വളരെ കൂടുതലാണ് (45–85%). എന്നാൽ കൊഴുപ്പിന്റെ അളവ് വളരെ കുറവാണ്. ചിലവയിൽ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയിരിക്കുന്നു. ഇവ അവയെ ഭക്ഷ്യപദാർഥമായി പരക്കെ അംഗീകരിക്കാനുള്ള കാരണങ്ങളാണ്. എന്നാൽ ചിലപ്പോൾ ഇവയിലടങ്ങിയിട്ടുള്ള അമിത ന്യൂക്ലികആസിഡ്, വിഷ സംയുക്തങ്ങൾ, Heavy metals എന്നിവ നീക്കി വേണം ഭക്ഷ്യയോഗ്യമാക്കേണ്ടത്. ഫാക്ടറികളിൽനിന്നുള്ള വിടുതൽ പദാർഥങ്ങൾ, ജന്തുജന്യ അവശിഷ്ടങ്ങൾ എന്നിവ അസംസ്കൃത വസ്തുക്കളായി സിങ്കിൾ സെൽ പ്രോട്ടീൻ നിർമാണത്തിനുപയോഗിക്കുന്നതു മൂലം അതുവഴി ഉണ്ടാകുന്ന പരിസര മലിനീകരണം തടയാൻ കഴിയുന്നു. SCP നിർമാണത്തിന് ഉപയോഗിക്കുന്നത് ലഘുഘടനയുള്ള സൂക്ഷ്മജീവികളായതിനാൽ അവയെ ജനിതക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂടുതൽ ഫലപ്രദമായ ഗുണങ്ങളുള്ള ആഹാരപദാർഥങ്ങളാക്കി മാറ്റാൻ കഴിയും. സിങ്കിൾ സെൽ പ്രോട്ടീൻ നിർമാണം ഇന്ന് വളരെ വേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന വ്യവസായ ശൃംഖലയായതിനാൽ ഭാവിയിൽ ഇത്തരം സൂക്ഷ്മജീവികൾ മനുഷ്യന്റെ ഇഷ്ടപ്പെട്ടതും നിലവിലെ ആഹാരപദാർഥങ്ങൾക്കുള്ള ഒരു പകരക്കാരനുമായി തീരും എന്ന് പ്രത്യാശിക്കാം. •



Bacillus megaterium

# പൊതുവിജ്ഞാനം

PLUS POINTS 2.0

**സമാഹരണം: രാജേഷ്കുമാർ.എസ്**

1. കേംബ്രിഡ്ജ് ഡിക്ഷ്ണറി ' Word of the year 2020' ആയി തെരഞ്ഞെടുത്ത വാക്ക് ഏതാണ്?
എ. COVID-19 ബി. Pandemic
സി. Lockdown ഡി. Quarantine

2. ചുവടെപ്പറയുന്നവയിൽ ഓസ്കാർ നാമനിർദ്ദേശം ലഭിച്ച ഇന്ത്യൻ ചലച്ചിത്രം ഏതാണ്?




എ. ജെല്ലിക്കെട്ട് ബി. ദി സ്കൈ ഈസ് പിങ്ക്
സി. ചാപക് ഡി. ഗുലാബോ സിറ്റാബോ

3. 2020 നവംബർ 23ന് അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവ് തരുൺ ഗൊഗോയ് ഏതു സംസ്ഥാനത്ത് ദീർഘകാലം മുഖ്യമന്ത്രി സ്ഥാനം വഹിച്ച വ്യക്തിയാണ്?
എ. ബീഹാർ ബി. ആസ്സാം
സി. വെസ്റ്റ് ബംഗാൾ ഡി. അരുണാചൽ പ്രദേശ്

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (vi) & (vii) നോക്കുക.)

**(പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ് :** 1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.

2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.

3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നല്കുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 19 കാണുക.

5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി/അപ്രന്റീസ്/സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

12.a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ v, viii, ix, x, xi, xiii എന്നീ ഉപഖണ്ഡികകളും 5a, 6, 7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽപറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 349/2020
## ഇലക്ട്രീഷ്യൻ ഗ്രേഡ് 2
## കേരള സിറാമിക്സ് ലിമിറ്റഡ്
## ഒന്നാം എൻ. സി. എ വിജ്ഞാപനം

**1 സ്ഥാപനത്തിന്റെ പേര്** : കേരള സിറാമിക്സ് ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : ഇലക്ട്രീഷ്യൻ ഗ്രേഡ് 2
**3 ശമ്പളം** : ₹ 3560–4935 (PR)
**4 ഒഴിവുകളുടെ എണ്ണം** : ഈഴവ/തിയ്യ/ബില്ലവ 01 (ഒന്ന്)

**കുറിപ്പ് :** i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 18.01.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 661/2014) കാലയളവിൽ ഉത്ഭവിച്ച ഈഴവ / തിയ്യ / ബില്ലവ വിഭാഗങ്ങൾക്ക് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം .

**5 നിയമന രീതി :** നേരിട്ടുള്ള നിയമനം. ഈഴവ / തിയ്യ / ബില്ലവ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം

**കുറിപ്പ്** : ഈഴവ/ തിയ്യ/ ബില്ലവ ഒഴികെയുള്ള സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.പ്രത്യേക നിരസന അറിയിപ്പ് നൽകുന്നതല്ല.

**6 പ്രായം** : 18–42 ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2002നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ 2(i) ഉൾപ്പെടെ]

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (vi), (vii), (xii) & (xiv) എന്നിവ നോക്കുക.)

**7. യോഗ്യതകൾ :**

എസ്. എസ്. എൽ. സി. യോടൊപ്പം ഐ. റ്റി. ഐ. ഇലക്ട്രീഷ്യൻ

അല്ലെങ്കിൽ

ഐ. റ്റി. ഐ. (വയർമാൻ ട്രേഡ്)

അല്ലെങ്കിൽ

കെ. ജി. സി. ഇ. (ഇലക്ട്രിക്കൽ)

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (ii), (iii), (iv), (v), (viii), (ix), (x), (xi), & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 350/2020
## സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II / വാച്ചർ ഗ്രേഡ് II
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ/കോർപ്പറേഷനുകൾ
## രണ്ടാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ / കോർപ്പറേഷനുകൾ
**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II / വാച്ചർ ഗ്രേഡ് II
**3 ശമ്പളം** : ഈ തസ്തികയിലേക്ക് അതാത് കമ്പനികൾ/ ബോർഡുകൾ കോർപ്പറേഷനുകൾ നിശ്ചയിച്ചിരിക്കുന്ന ശമ്പള നിരക്ക്
**4 ഒഴിവുകളുടെ എണ്ണം** : എൻസിഎ (പട്ടികവർഗ്ഗം ) 1 (ഒന്ന്)

**കുറിപ്പ് :** I)

ii) ചുരുക്ക / സാധ്യത പട്ടികയിൽ ഉൾപ്പെടുത്താവുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യത അനുസരിച്ചു തീരുമാനിക്കുന്നതാണ്.

മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് കാറ്റഗറി നമ്പർ 410/13 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 30/01/2018നു പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയിൽ പട്ടിക വർഗ്ഗം വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിൽ വന്ന ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമ ശിപാർശ ചെയ്ത് നിയമിക്കപ്പെടുന്നത് വരെയോ,ഈ വിജ്ഞാപന പ്രകാരമുള്ള എൻ സി എ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു മൂന്ന് വർഷമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് , അത് വരെ കാലാവധി ഉണ്ടായിരിക്കും. ഇത് 15/11/ 2019ലെ ഗസറ്റിൽ കാറ്റഗറി നമ്പർ251/19ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ സി എ വിജ്ഞാപനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം ഉണ്ടായ രണ്ടാം എൻ സി എ വിജ്ഞാപനമാണ്.

iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5 നിയമന രീതി** : വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം (പട്ടിക വർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

പട്ടികവർഗ്ഗക്കാരായ വിമുക്ത ഭടന്മാരിൽനിന്നും അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

**6 പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1970നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(vi) നോക്കുക.)

**7. യോഗ്യതകൾ** :

1.ഏഴാം സ്റ്റാൻഡേർഡ് (പുതിയത്)അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.

2. കര സേന / നാവിക സേന / വ്യോമ സേനയിൽ 3 (മൂന്ന്) വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം ഉണ്ടായിരിക്കണം.

3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

4. ഉയരം: 168 സെന്റിമീറ്റർ

5. നെഞ്ചളവ് സാധാരണ 81 സെന്റിമീറ്റർ, ഉം 5 സെന്റിമീറ്റർ വികാസവും ഉണ്ടായിരിക്കണം.

***കുറിപ്പ് :സ്ത്രീകൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.***

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ(v),(vii ) (viii),(ix),(x),(xi),(xiii)&(xiv) എന്നീ ഉപഖണ്ഡികകളും 5, 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 351/2020
## സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II / വാച്ചർ ഗ്രേഡ് II
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ / കോർപ്പറേഷനുകൾ
## നാലാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : സർക്കാർ ഉടമസ്ഥതയിലുള്ള

വിവിധ കമ്പനികൾ/ ബോർഡുകൾ/ കോർപ്പറേഷനുകൾ

**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II / വാച്ചർ ഗ്രേഡ് II

**3 ശമ്പളം** : ഈ തസ്തികയിലേക്ക് അതാത് കമ്പനികൾ/ ബോർഡുകൾ കോർപ്പറേഷനുകൾ നിശ്ചയിച്ചിരിക്കുന്ന ശമ്പള നിരക്ക്

**4 ഒഴിവുകളുടെ എണ്ണം** : എൻസിഎ (പട്ടികവർഗ്ഗം ) 1 (ഒന്ന്)

**കുറിപ്പ്** : i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്.ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് കാറ്റഗറി നമ്പർ 291/07 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 16/10/2012 നു പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയിൽ പട്ടിക വർഗം വിഭാഗത്തിൽ പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിൽ വന്ന ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമശിപാർശ ചെയ്ത് നിയമിക്കപെടുന്നത് വരെയോ , ഈ വിജ്ഞാപന പ്രകാരമുള്ള എൻ സി എ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു മൂന്ന് വർഷമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അത് വരെ കാലാവധി ഉണ്ടായിരിക്കും. ഇത് 25/11/2014 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 483/14 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ സി എ വിജ്ഞാപനത്തിലും,30/12/2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 510/2016 ആയി പ്രസിദ്ധീകരിച്ച രണ്ടാം എൻസിഎ വിജ്ഞാപനത്തിലും,15/11/2019 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ249/19 ആയി പ്രസിദ്ധീകരിച്ച മൂന്നാം എൻ സി എ വിജ്ഞാപനത്തിലും ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം ഉണ്ടായ നാലാം എൻ സി എ വിജ്ഞാപനമാണ്

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം) പട്ടിക വർഗ്ഗക്കാരായ വിമുക്ത ഭടന്മാരല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

**6 പ്രായം** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1970നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകൾ ഖണ്ഡിക 2(i)ലെ ഇളവുകളടക്കം ]

**കുറിപ്പ്** : പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2,(vi) നോക്കുക.)

**7. യോഗ്യതകൾ :**

1.ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.

2.കര സേന / നാവിക സേന / വ്യോമ സേനയിൽ 3 (മൂന്ന് ) വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം ഉണ്ടായിരിക്കണം.

3.സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

4.ഉയരം: 168 സെന്റിമീറ്റർ

5.നെഞ്ചളവ് സാധാരണ 81 സെന്റിമീറ്റർ, ഉം 5 സെന്റിമീറ്റർ വികാസവും ഉണ്ടായിരിക്കണം.

***കുറിപ്പ് :സ്ത്രീകൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.***

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ(V),(vii ) (viii), (ix),(x), (xi),(xiii)&(xiv)എന്നീ ഉപഖണ്ഡികകളും 5a,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 352/2020 – 353/2020
## സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II / വാച്ചർ ഗ്രേഡ് II
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ / കോർപ്പറേഷനുകൾ
## ഒന്നാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ/ കോർപ്പറേഷനുകൾ

**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II / വാച്ചർ ഗ്രേഡ് II

**3 ശമ്പളം** : ഈ തസ്തികയിലേക്ക് അതാത് കമ്പനികൾ/ ബോർഡുകൾ കോർപ്പറേഷനുകൾ നിശ്ചയിച്ചിരിക്കുന്ന ശമ്പള നിരക്ക്

**4 ഒഴിവുകളുടെ എണ്ണം** : കാറ്റഗറി നമ്പർ 352/2020 എൻ സി എ (മുസ്ലിം) – 2 (രണ്ട് ), കാറ്റഗറി നമ്പർ 353/2020 എൻ സി എ (വിശ്വകർമ) – 2(രണ്ട്)

**കുറിപ്പ്** : i. മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്.30.01.2018 നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും (കാറ്റഗറി നമ്പർ 410/2013) നിയമന ശിപാർശ അംഗീകരിച്ച വേളയിൽ മുസ്ലീം, വിശ്വകർമ എന്നീ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം നികത്താൻ കഴിയാതെ വന്നിട്ടുള്ളതിനാലുള്ള എൻ സി എ വിജ്ഞാപനമാണിത്.

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം (മുസ്ലീം, വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം) മറ്റ് വിഭാഗങ്ങളിൽപെട്ടവരുടെ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്.

**6 പ്രായം** : 18–48 ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2,(vi) നോക്കുക.)

**7. യോഗ്യതകൾ :**

1.ഏഴാം സ്റ്റാൻഡേർഡ് പാസായിരിക്കണം. അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം.

2.കര സേന / നാവിക സേന / വ്യോമ സേനയിൽ 3 (മൂന്ന് ) വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം ഉണ്ടായിരിക്കണം.

3.സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

4.ഉയരം: 168 സെന്റിമീറ്റർ

5.നെഞ്ചളവ് സാധാരണ 81 സെന്റിമീറ്റർ, വികസിച്ചത് 86സെന്റിമീറ്റർ

***കുറിപ്പ് :സ്ത്രീകൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.***

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ(v),(vii) (viii),(ix),(x),(xi),(xiii)&(xiv)എന്നീ ഉപഖണ്ഡികകളും 5a,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 354/2020
## സെക്യൂരിറ്റി ഗാർഡ്
## ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
## മൂന്നാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ്

**3 ശമ്പളം** : ₹ 2,500–4,525/(PR)

**4 ഒഴിവുകളുടെ എണ്ണം** : എൻ സി എ ഓ ബി സി 01(ഒന്ന് )

**കുറിപ്പ് :** (i) ചുരുക്ക / സാധ്യത പട്ടികയിൽ ഉൾപ്പെടുത്താവുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യത അനുസരിച്ചു തീരുമാനിക്കുന്നതാണ്.

(ii) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് കാറ്റഗറി നമ്പർ 469/2010 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 09.05.2016നു പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയിൽ ഓ ബി സി വിഭാഗത്തിൽപെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിൽ വന്ന ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമശിപാർശ ചെയ്ത് നിയമിക്കപെടുന്നത് വരെയോ, ഈ വിജ്ഞാപന പ്രകാരമുള്ള എൻസിഎ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു മൂന്ന് വർഷമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അത് വരെ കാലാവധി ഉണ്ടായിരിക്കും. ഇത് 16/12/2017ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 446/2017 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ സി എ വിജ്ഞാപനത്തിലും,15/11/2019 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 248/19 ആയി പ്രസിദ്ധീകരിച്ച രണ്ടാം എൻസിഎ വിജ്ഞാപനത്തിലും ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം ഉണ്ടായ മൂന്നാം എൻ സി എ വിജ്ഞാപനമാണ്

(iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം.

**5 നിയമന രീതി :** വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം (ഓ ബി സി സമുദായം മാത്രം) വിമുക്ത ഭടന്മാരായ ഓ ബി സി സമുദായ ഉദ്യോഗാർത്ഥികൾ ഒഴികെയുള്ളവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

**6 പ്രായം:** 18–48 ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2002 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2,(vi)നോക്കുക.)

**7. യോഗ്യതകൾ :** 1.എസ് എസ് എൽ സി തോറ്റവരായിരിക്കണം. (എസ്എസ്എൽ സി പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.)

2.സായുധ സേനകളിൽ, അതായത്, കര, വ്യോമ, നാവിക സേനകളിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം.

3.സൈക്ലിംഗ്

4. ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

***കുറിപ്പ് : സ്ത്രീകളും ഭിന്നശേഷിക്കാരും ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.***

11 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ(v),(vii) (viii),(ix),(x),(xi),(xiii)&(xiv)എന്നീ ഉപഖണ്ഡികകളും 5a,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)

## കാറ്റഗറി നമ്പർ : 355/2020 – 356/2020
## ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : വിദ്യാഭ്യാസം

**2 ഉദ്യോഗപ്പേര് ടീച്ചർ** : ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് (ഉറുദു)

**3 ശമ്പളം** : ₹ 25200–54000/(പരിഷ്കരിച്ചത്)

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കാറ്റഗറി നമ്പർ 355/2020 ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ മലപ്പുറം – (ഒന്ന്) കാറ്റഗറി നമ്പർ 356/2020 വിശ്വകർമ്മ മലപ്പുറം – 1 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയ്ക്ക് സമുദായാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ

ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന NCA റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 21.01.2019 | 136/2015 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്)നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ(എം.എസ്) നമ്പർ 4/61/പി.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16-3-1996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള മലപ്പുറം ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം. (മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

6 **പ്രായപരിധി** :18-43. ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i)ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7 യോഗ്യതകൾ:** 1. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2 കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിനുള്ള ടൈറ്റിൽ.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല നടത്തുന്ന ആഡിബ്ഐഫാസിൽ (പ്രിലിമിനറി) (ഉറുദു) പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന ഉറുദു ഹയർ പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കണ്ണൂർ യൂണിവേഴ്സിറ്റി നൽകുന്ന ബിഎ ഉറുദു ആൻഡ് ഇസ്ലാമിക ഹിസ്റ്ററി ഡബിൾ മെയിൻ ബിരുദം.

(സ.ഉ.(കൈ)നം.158/2018/പൊ.വി.വ തീയതി 12.11.2018)

**കുറിപ്പ്:** ഏതു വിഷയത്തിലാണ് ബിരുദവും ടൈറ്റിലും നേടിയതെന്ന് വ്യക്തമാക്കേണ്ടതാണ്.

3 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ് /സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/ G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:**

**(i)** നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/ 70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം. എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് 'ഉണ്ട്' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ(എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).ഈ മുൻഗണന 12/02/1970 ലെ ജി.ഒ.(എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്:**

മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 357/2020 – 358/202

## പോലീസ് കോൺസ്റ്റബിൾ

## (ആംഡ് പോലീസ് ബറ്റാലിയൻ)

## പോലീസ്

## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : പോലീസ്

**2. ഉദ്യോഗപ്പേര്** : പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിയൻ)

**കുറിപ്പ്:** ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

3. ശമ്പളം : ₹ 22,200–48,000/

4. ഒഴിവുകളുടെ എണ്ണം : ബറ്റാലിയൻ അടിസ്ഥാനത്തിൽ തിരുവനന്തപുരം(എസ്.എ.പി)

| **എസ്.സി.സി.സി** | **കാറ്റഗറി നമ്പർ: 357/2020** |
|---|---|
| തിരുവനന്തപുരം (എസ്.എ.പി) 3 (മൂന്ന്) | |
| **ധീവര** | **കാറ്റഗറി നമ്പർ : 358/2020** |
| തിരുവനന്തപുരം (എസ്.എ.പി) 1 (ഒന്ന്) | |

| ബറ്റാലിയൻ | ബറ്റാലിയൻ ഉൾപ്പെടുന്ന ജില്ലകളും പോലീസ് ജില്ലകളും | നിയമന ച്ചുമതലയുള്ള പി.എസ്.സി ജില്ലാ ഓഫീസ് |
|---|---|---|
| എസ്.എ.പി | തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി, റൂറൽ പോലീസ് ഡിസ്ട്രിക്ട്) | തിരുവനന്തപുരം |

തെരഞ്ഞെടുപ്പ് ബറ്റാലിയൻ അടിസ്ഥാനത്തിൽ നടത്തുന്നതിനാൽ, അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക്, നിയമനം ലഭിക്കുന്ന ബന്ധപ്പെട്ട ജില്ലാ ആംഡ് റിസർവ്വ് പോലീസിലേക്ക് മാത്രമേ സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു.

**കുറിപ്പ് :** 1. ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽ പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

2. മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം ഓരോ സമുദായത്തിനു വേണ്ടിയും തയ്യാറാക്കപ്പെടുന്ന പ്രത്യേക റാങ്ക് പട്ടികകൾ മേൽ പറഞ്ഞ സമുദായങ്ങൾക്ക് വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം (SAP) | 369/19/DOT dated 01.07.2019 | 657/2017 |

**5. നിയമന രീതി:** നേരിട്ടുള്ള നിയമനം.(ബറ്റാലിയൻ അടിസ്ഥാനത്തിൽ) (മുകളിൽ കൊടുത്തിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം.)

**6. പ്രായപരിധി :** 18–29; ഉദ്യോഗാർത്ഥികൾ 02.01.1991 നും 01.01. 2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) 18–31; പതിനെട്ട് വയസ്സ് പൂർത്തിയായതിനു ശേഷം എസ്.സി വിഭാഗത്തിൽ നിന്നും ക്രിസ്തു മതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവരും അപ്രകാരമുള്ള മാതാപിതാക്കളുടെ സന്താനങ്ങളും ഉൾപ്പെട്ട എസ്.സി.സി.സി വിഭാഗത്തി ൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ്** : ഉയർന്ന പ്രായപരിധി വിമുക്തഭടൻമാരായ ഉദ്യോഗാർത്ഥികൾക്ക് 41 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു. (വയസ്സിളവ് സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) നോക്കുക) പ്രായപരിധിയിലെ ഇളവുകൾ സംബന്ധിച്ച പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 പ്രകാരമുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7. യോഗ്യതകൾ:**

(എ) വിദ്യാഭ്യാസം

ഹയർസെക്കൻഡറി (പ്ലസ് ടു) പാസ്സായിരിക്കണം അഥവാ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

(ബി) ശാരീരിക യോഗ്യതകൾ

1) ഉയരം:കുറഞ്ഞത് 168 സെന്റി മീറ്റർ

(2) നെഞ്ചളവ് : കുറഞ്ഞത് 81 സെ.മീ (കുറഞ്ഞത് 5 സെ.മീ വികാസവും വേണം)

(3) കാഴ്ചശക്തി

താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരി ക്കണം.

| **കാഴ്ച** | **വലതുകണ്ണ്** | **ഇടതു കണ്ണ്** |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്**

1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

2) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതായിരിക്കും.

(സി) നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| | **ഇനങ്ങൾ** | **വൺസ്റ്റാർ നിലവാരം** |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈ ജംപ് | 132.20 സെ.മീ. |
| 3 | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4 | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6 | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7 | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയോടൊപ്പം എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ വീണ്ടുമൊരവസരം നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാ സമയത്ത് താഴെ ചേർത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ഗുഡ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

## കാറ്റഗറി നമ്പർ : 359/2020

## ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II

## ആരോഗ്യം

## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം

**2. ഉദ്യോഗപ്പേര്** : ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II

**3. ശമ്പളം** : ₹ 22,200 - 48000/-

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ എൽ.സി/ എ.ഐ മലപ്പുറം - 01 (ഒന്ന്)

(i) ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റു ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വി

ജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻസിഎ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 07/01/2014 | 406/2009 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവു രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ് .

(iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ എൽ.സി/എ.ഐ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** :എൽ.സി/എ.ഐ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ)

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :**

**(എ) ജനറൽ** : (i) സയൻസ് വിഷയങ്ങളിൽ ബി ഗ്രേഡോടു കൂടിയോ, അല്ലെങ്കിൽ 50%ത്തിൽ കുറയാത്ത മാർക്കോടു കൂടിയോ പ്രീഡിഗ്രി അഥവാ തത്തുല്യമായ പരീക്ഷ വിജയിച്ചിരിക്കണം. 21-5-1966ലെ G.O(P)No.208/66/PD ഉത്തരവും അതിനോടനുബന്ധിച്ചുള്ള ഭേദഗതികളും അനുസരിച്ച് സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്ക് 5% മാർക്കിളവും അനുവദിക്കുന്നതാണ്.

(ii) ആംഡ് ഫോഴ്സിൽ പതിനഞ്ച് വർഷത്തിൽ കുറയാത്ത സേവനമനുഷ്ഠിച്ചിട്ടുള്ളവർക്കും ബ്ലഡ് ട്രാൻസ്ഫ്യൂഷൻ അസ്സ്റ്റന്റ് ടെസ്റ്റ് ക്ലാസ്1 പാസ്സായിട്ടുള്ളവരുമായ വിമുക്തഭടൻമാർക്ക് എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത മതിയാകുന്നതാണ്.

**(ബി) സാങ്കേതികം :** കേരളത്തിലെ മെഡിക്കൽ കോളേജുകളോ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയോ നടത്തുന്ന ഒരു വർഷത്തെ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻസ് ട്രെയിനിംഗ് കോഴ്സ് വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) സയൻസ് ഡിഗ്രി കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളവർക്ക് പ്രീഡിഗ്രി പരീക്ഷയ്ക്ക് 'ബി' ഗ്രേഡ് വേണമെന്ന് നിർബന്ധമില്ല.

## കാറ്റഗറി നമ്പർ : 360/2020
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## ആറാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 20,000 – 45,800/-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി (എസ്.സി.സി.സി)
മലപ്പുറം 01 (ഒന്ന്)
കണ്ണൂർ 01 (ഒന്ന്)

**കുറിപ്പ്** : (i)മേൽപ്പറഞ്ഞിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 25.09.2009 | 337/2008 |
| കണ്ണൂർ | 03.02.2010 | 18/2009 |

(ii) ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിരിക്കുന്നതിൽ ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iii) കാറ്റഗറി നമ്പർ 275/11 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 118/13 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 281/15 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 530/16 പ്രകാരമുള്ള നാലാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 464/19 പ്രകാരമുള്ള അഞ്ചാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് ആറാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി (എസ്.സി.സി.സി) വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** : ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1979 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള സർക്കാർ നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച പാസ്സ് സർട്ടിഫിക്കറ്റ് / കേരള സർക്കാർ നടത്തുന്ന ഹോമിയോ ഫാർമസിയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 361/2020
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## അഞ്ചാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 20,000 – 45,800/-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി (എസ്.സി.സി.സി)
കോഴിക്കോട് 01 (ഒന്ന്)
കാസർഗോഡ് 01 (ഒന്ന്)

**കുറിപ്പ്** : (i)മേൽപ്പറഞ്ഞിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോഴിക്കോട് | 24.05.2010 | 18/2009 |
| കാസർഗോഡ് | 08.01.2015 | 462/2012 |

(ii) ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിരിക്കുന്നതിൽ ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iii)കാറ്റഗറി നമ്പർ 502/14 (കോഴിക്കോട്), 457/15 (കാസർഗോഡ്) പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 389/16 (കോഴിക്കോട്), 184/17 (കാസർഗോഡ്) പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 194/2018 (കോഴിക്കോട്, കാസർഗോഡ്) പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും കാറ്റഗറി നമ്പർ 467/2019 (കോഴിക്കോട്, കാസർഗോഡ്) പ്രകാരമുള്ള നാലാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് അഞ്ചാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി (എസ്.സി.സി.സി) വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** : ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സ് വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1979 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള സർക്കാർ നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച പാസ്സ് സർട്ടിഫിക്കറ്റ് / കേരള സർക്കാർ നടത്തുന്ന ഹോമിയോപ്പതി ഫാർമസിയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 362/2020
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## നാലാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി

**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 20,000 – 45,800/-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
പട്ടികവർഗ്ഗം പാലക്കാട് 01 (ഒന്ന്)

**കുറിപ്പ്** : (i)മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയിലെ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം ആ തീയതിവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 18.09.2014 | 462/2012 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) കാറ്റഗറി നമ്പർ 459/2015 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 185/2017 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 193/2018 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് നാലാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടിക ജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളെ ഈ തസ്തികയുടെ നിയമനത്തിന് പരിഗണിക്കും.)

**കുറിപ്പ് :** പട്ടികവർഗ്ഗ / പട്ടികജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–41; ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള സർക്കാർ നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച പാസ്സ് സർട്ടിഫിക്കറ്റ് / കേരള സർക്കാർ നടത്തുന്ന ഹോമിയോപ്പതി ഫാർമസിയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 363/2020
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## മൂന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 20,000 – 45,800/-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
പട്ടികവർഗ്ഗം ഇടുക്കി 01 (ഒന്ന്)

**കുറിപ്പ്** : (i) മേൽപ്പറഞ്ഞിരിക്കുന്ന ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശുപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ ടി എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 (മൂന്ന്) വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 23.11.2016 | 371/2015 |

(ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii)കാറ്റഗറി നമ്പർ 113/2018 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും, കാറ്റഗറി നമ്പർ 380/2019 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് മൂന്നാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PD-യിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–41; ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള സർക്കാർ നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച പാസ്സ് സർട്ടിഫിക്കറ്റ് / കേരള സർക്കാർ നടത്തുന്ന ഹോമിയോപ്പതി ഫാർമസിയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 364/2020 365/2020
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 20,000 – 45,800/-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
കാറ്റഗറി നമ്പർ: 364/2020
ഹിന്ദു നാടാർ പാലക്കാട് – 01 (ഒന്ന്)
കാറ്റഗറി നമ്പർ: 365/2020
പട്ടികവർഗ്ഗം – ആലപ്പുഴ 01 (ഒന്ന്)

**കുറിപ്പ്** : (i) മേൽപ്പറഞ്ഞിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷംവരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 30.11.2016 | 371/2015 |
| ആലപ്പുഴ | 17.11.2016 | 371/2015 |

(ii) ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിരിക്കുന്നതിൽ ബന്ധപ്പെട്ട ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) യഥാക്രമം കാറ്റഗറി നമ്പർ 113/2018, 120/2018 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷവും മേൽപ്പറഞ്ഞ സമുദായത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതിരുന്നതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

(v)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ഹിന്ദു നാടർ, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–39; ഹിന്ദുനാടാർ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

18–41, പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)
[പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള സർക്കാർ നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച പാസ്സ് സർട്ടിഫിക്കറ്റ് / കേരള സർക്കാർ നടത്തുന്ന ഹോമിയോപ്പതി ഫാർമസിയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 366/2020
## ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
## ഹോമിയോപ്പതി
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹോമിയോപ്പതി
**2. ഉദ്യോഗപ്പേര്** : ഫാർമസിസ്റ്റ് ഗ്രേഡ് II (ഹോമിയോ)
**3. ശമ്പളം** : ₹ 20,000 – 45,800/-
**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ധീവര കണ്ണൂർ 01 (ഒന്ന്)

**കുറിപ്പ്** : (i) മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതായിരിക്കും. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളതു എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശുപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ ടി എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 (മൂന്ന്) വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 23.11.2016 | 371/2015 |

(ii) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന

ജില്ലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 27.05.1971 ലെ GO (MS) No. 154/71/PDയിലെ പ്രത്യേക വ്യവസ്ഥകൾ പ്രകാരം നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ വകുപ്പിൽ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ജോലി ചെയ്യുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയക്കാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ധീവര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** : ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)

[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (I) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ]

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. (ഖണ്ഡിക 2 (I) ഒഴികെ)

**7. യോഗ്യതകൾ :**

i) എസ്.എസ്.എൽ.സി ജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

ii) കേരള സർക്കാർ നടത്തുന്ന നേഴ്സ് കംഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തിയാക്കിയതിനുശേഷം ലഭിച്ച പാസ്സ് സർട്ടിഫിക്കറ്റ് / കേരള സർക്കാർ നടത്തുന്ന ഹോമിയോപ്പതി ഫാർമസിയിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യത.

## കാറ്റഗറി നമ്പർ : 367/2020
## ആയുർവേദ തെറാപ്പിസ്റ്റ്
## ഭാരതീയ ചികിത്സാ വകുപ്പ്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ഭാരതീയ ചികിത്സാ വകുപ്പ്

**2. ഉദ്യോഗപ്പേര്** : ആയുർവേദ തെറാപ്പിസ്റ്റ്

**3. ശമ്പളം** : ₹ 19000–43,600/-

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ഇടുക്കി ഒ.ബി.സി 01 (ഒന്ന്)

**കുറിപ്പ് :** (i) ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ ജില്ലയ്ക്ക് മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം ആ തീയതി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 01.12.2014 | 217/2010 |

(ii) മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഇടുക്കി ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iv) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71ലെ സർക്കാർ ഉത്തരവ് G.O.(എം.എസ്)154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി 5വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. 5 വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (കേരള സംസ്ഥാനത്തിലെ ഒ.ബി.സി സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** ഒ.ബി.സി സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

**6. പ്രായം** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ.]

കുറിപ്പ്: യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്)വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക. [ഖണ്ഡിക 2(i) ഒഴികെ]

**7. യോഗ്യതകൾ :**

(i) എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം, അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

(ii) കേരള സർക്കാർ നടത്തുന്ന ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സ് വിജയിച്ചിരിക്കണം.

## കാറ്റഗറി നമ്പർ : 368/2020
## പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (ഉറുദു)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (ഉറുദു)

**3. ശമ്പളം** : ₹ 19000–43600/-

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇന്ത്യൻ കണ്ണൂർ 1 (ഒന്ന്)

**കുറിപ്പ്:** (ii)ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(iii) ഈ വിജ്ഞാപനപ്രകാരം കണ്ണൂർ ജില്ലയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ വരെയോ, ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 08.04.19 | 167/16 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**6. പ്രായം** : 18–43. ഉദ്യോഗാർഥികൾ 02.01.1977 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ.]

**നോട്ട്** :യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :**

1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റിയും ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിലുള്ള ടൈറ്റിൽ (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പക്ഷം) കൂടാതെ കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റ്.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) ഉറുദു ഭാഷയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് ബി.എഡ്/ബി.റ്റി/എൽ.റ്റി യോഗ്യതയുള്ള പക്ഷം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 177/87/ജി.എഡ്യൂ. തീയതി 22.8.1987].

(iii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 122/75/എഡ്യൂ. തീയതി 27/05/1975] ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡിയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

(iii)ഗവൺമെന്റ് നഴ്സറി / പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ. (എം.എസ്) നമ്പർ 185/70/എഡ്യു. തീയതി 18.04.1970, ജി.ഒ. (എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970].

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 369/2020
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1 വകുപ്പ്** : വിദ്യാഭ്യാസം

**2 ഉദ്യോഗപ്പേര്** : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു)

**3 ശമ്പളം** : ₹ 18,000–41,500/-

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
വയനാട് - പട്ടിക വർഗ്ഗം 1 (ഒന്ന്)

**കുറിപ്പ്** : (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം വയനാട് ജില്ലയ്ക്ക് സമുദായാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന ചഇഅ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ

ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| വയനാട് | 30/11/16 | 537/2013 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്)നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ(എം.എസ്) നമ്പർ 4/61/പി.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 1631996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v)ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള വയനാട് ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം. (മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

6 **പ്രായം** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

7 **യോഗ്യതകൾ :**

1 എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2 കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിനുള്ള ടൈറ്റിൽ.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല നടത്തുന്ന ആഡിബ്ഐഫാസിൽ (പ്രിലിമിനറി) (ഉറുദു) പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന ഉറുദു ഹയർ പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കണ്ണൂർ യൂണിവേഴ്സിറ്റി നൽകുന്ന ബിഎ ഉറുദു ആൻഡ് ഇസ്ലാമിക ഹിസ്റ്ററി ഡബിൾ മെയിൻ ബിരുദം.

(സ.ഉ.(കൈ)നം.158/2018/പൊ.വി.വ തീയതി 12.11.2018)

**കുറിപ്പ്:** ഏതു വിഷയത്തിലാണ് ബിരുദവും ടൈറ്റിലും നേടിയതെന്ന് വ്യക്തമാക്കേണ്ടതാണ് .

3. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:**

(i)നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് 'ഉണ്ട്' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii)ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ(എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).ഈ മുൻഗണന 12/02/1970 ലെ ജി.ഒ.(എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽനിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 370/2020 – 372/2020

## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു)

## വിദ്യാഭ്യാസം

## ഒന്നാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| 1 | **വകുപ്പ്** | : വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു) |
| 3 | **ശമ്പളം** | : ₹ 18,000–41,500/– |
| 4 | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ<br>കാറ്റഗറി നമ്പർ : 370/2020<br>കോഴിക്കോട് –പട്ടിക വർഗ്ഗം – 1 (ഒന്ന്)<br>കാറ്റഗറി നമ്പർ : 371/2020<br>പട്ടിക ജാതി – 1 (ഒന്ന്)<br>കാറ്റഗറി നമ്പർ : 372/2020<br>എസ് ഐയുസി (നാടാർ) – 1 (ഒന്ന്) |

**കുറിപ്പ്** : (ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം കോഴിക്കോട് ജില്ലയ്ക്ക് സമുദായാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന NCA റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോഴിക്കോട് | 08.04.2019 | 215/2015 |

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്)നമ്പർ 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ(എം.എസ്) നമ്പർ 4/61/പി.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 1631996 ലെ ജി.ഒ (പി) 12/96/പി.ആന്റ് എ. ആർ. ഡി പ്രകാരം ഇടുക്കി, കാസറഗോഡ്, വയനാട് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ മേൽപറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v)ഉദ്യോഗാർത്ഥികൾ തങ്ങളുടെ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കോഴിക്കോട് ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം. (മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെട്ട യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

6 **പ്രായം : പട്ടിക വർഗ്ഗ /പട്ടിക ജാതി സമുദായം :** 18–45. ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**എസ്.ഐ.യു.സി (നാടാർ) സമുദായം** : 18–43. ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.

**7 യോഗ്യതകൾ :**

1 എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

2 കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിനുള്ള ടൈറ്റിൽ.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല നടത്തുന്ന ആഡിബ്ഐഫാസിൽ (പ്രിലിമിനറി) (ഉറുദു) പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന ഉറുദു ഹയർ പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കണ്ണൂർ യൂണിവേഴ്സിറ്റി നൽകുന്ന ബിഎ ഉറുദു ആൻഡ് ഇസ്ലാമിക ഹിസ്റ്ററി ഡബിൾ മെയിൻ ബിരുദം.

(സ.ഉ.(കൈ)നം.158/2018/പൊ.വി.വ തീയതി 12.11.2018)

**കുറിപ്പ്:** ഏതു വിഷയത്തിലാണ് ബിരുദവും ടൈറ്റിലും നേടിയതെന്ന് വ്യക്തമാക്കേണ്ടതാണ്.

3 കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ :** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8 പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:**

(i)നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിന് 'ഉണ്ട്' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii)ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ(എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).ഈ മുൻഗണന 12/02/1970 ലെ ജി.ഒ.(എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക). ●

10 വിജ്ഞാന കൗതുകം



# ചായ വിശേഷങ്ങൾ

**ബാലകൃഷ്ണൻ എൻ**

ലോകത്ത് മനുഷ്യർ ഏറ്റവും കൂടുതൽ കഴിക്കുന്ന പാനീയമായ 'ചായ'യുടെ ചരിത്രം ആരംഭിക്കുന്നത് ഏകദേശം 5000 വർഷങ്ങൾക്കുമുമ്പ് പുരാതന ചൈനയിൽ നിന്നാണ്.

ഐതീഹ്യങ്ങളനുസരിച്ച് ചൈനീസ് ചക്രവർത്തിയായിരുന്ന ഷെൻ നുങ് (Shen Nung) വേനൽകാലത്ത് കാട്ടിൽ വേട്ടയ്ക്കുപോയ സമയത്ത് വെള്ളം ചൂടാക്കാനായി വയ്ക്കുകയും തിളച്ചുകൊണ്ടിരുന്ന അവസരത്തിൽ കുറച്ച് ഉണങ്ങിയ ഇലകൾ ഈ വെള്ളത്തിൽ വീഴുകയും ആ വെള്ളം തവിട്ടുനിറത്തിലാവുകയും ചെയ്തു. വെള്ളം കുടിച്ച ഷെൻ നുങ് ചക്രവർത്തിക്ക് ഉന്മേഷം തോന്നുകയും അങ്ങനെ തേയിലയും ചായയും കണ്ടെത്തുകയും ചെയ്തു എന്നാണ് ഐതിഹ്യം.

ചായയുടെ പാനീയമൂല്യം തിരിച്ചറിഞ്ഞ ചൈനക്കാർ വെള്ളം തിളപ്പിച്ച് തേയിലപ്പൊടിയും ആവശ്യമെങ്കിൽ പാലും പഞ്ചസാരയും സുഗന്ധദ്രവ്യങ്ങളും ചേർത്ത് തയ്യാറാക്കുന്ന പാനീയത്തിന് 'ചായ്' എന്ന പേര് നൽകി. 'ചാ' എന്ന ചൈനീസ് വാക്കിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവം. മിക്കവാറും ഏഷ്യൻ ഭാഷകളിൽ ചായ് എന്നാണ് ചായയെ വിളിക്കുന്നത്.

എ ഡി 800ൽ ബുദ്ധസന്യാസിയായ ലുയു (Lu Yu) ചായയെക്കുറിച്ച് വിശദമായ ഒരു പുസ്തകം പുറത്തിറക്കി. സെൻ ബുദ്ധിസത്തിന്റെ (Zen Budhism) വക്താവായിരുന്ന ലു യു വർഷങ്ങൾ നീണ്ട ഗവേഷണങ്ങൾക്കൊടുവിൽ പുരാതന ചൈനയിൽ എങ്ങനെയാണ് ചായ വിളവെടുത്തിരുന്നതെന്നും അത് എങ്ങനെ തയ്യാറാക്കിയിരുന്നുവെന്നും മനസ്സിലാക്കുകയും ചക്രവർത്തിയുടെ ബഹുമാനത്തിന് പാത്രമാവുകയും ചെയ്തു. ലു യു ചായകുടി സെൻ ബുദ്ധിസത്തിന്റെ ഭാഗമാക്കി മാറ്റുകയും പിൽക്കാലത്ത് സന്യാസിമാരിലൂടെ അത് ജപ്പാനിലെത്തുകയും ചെയ്തു.

യിസൈ (Yeisei) എന്ന ബുദ്ധ സന്യാസിയാണ് ജപ്പാനിലേക്ക് ആദ്യമായി തേയിലച്ചെടി കൊണ്ടുവരുന്നത്. അദ്ദേഹം ചായയുടെ പിതാവായി ജപ്പാനിൽ അറിയപ്പെടുന്നു. ചായ ഒരു രാജകീയ വിഭവമായി ജപ്പാനിലെ ബുദ്ധവിഹാരങ്ങളിലും കോടതികളിലും നൽകി വന്നിരുന്നു. ചായസൽക്കാരം ഒരു ചടങ്ങായി 'ചാ-നൊ-യു' (cha-no-yu-the hot water for tea) എന്ന പേരിൽ ജപ്പാനിൽ അറിയപ്പെടുന്നു.

ഐറിഷ്-ഗ്രീക്ക് സഞ്ചാരിയായിരുന്ന ലഫ്കാഡിയൊ ഹേം (Lafcadio Heam) ഇങ്ങനെ പറയുന്നു.

"ചായ സൽക്കാരം എന്നുള്ളത് വർഷങ്ങൾ നീണ്ട ഒരു പരിശീലനത്തിനുശേഷം ചെയ്യുന്ന ഒരു പ്രവൃത്തിയായിരുന്നു. ഇതിൽ ചായ ഉണ്ടാക്കുകയോ കുടിക്കുകയോ ചെയ്യുക എന്നുള്ളതിനേക്കാളുപരി ഒരു മതാചാരംപോലുള്ള ചടങ്ങായിരുന്നു അത്. വളരെ ബഹുമാനത്തോടുകൂടി അനുഗ്രഹിക്കപ്പെട്ട ഒരു ചടങ്ങായി അത് ആചരിച്ചുപോന്നു."

## ചായ യൂറോപ്പിലേക്ക്

ചായയുടെ ഉപഭോഗം ചൈനയിലും ജപ്പാനിലും വർദ്ധിച്ചുകൊണ്ടിരുന്ന അവസരത്തിൽ യൂറോപ്യൻമാർ സഞ്ചാരികളിലൂടെയും മറ്റും ചായ എന്ന പാനീയത്തെപ്പറ്റി അറിഞ്ഞു തുടങ്ങി.

1560ൽ പോർച്ചുഗീസ് ജസ്യൂട്ട് പാതിരിയായിരുന്ന ജാസ്പർ ഡിക്രൂസ് (Jasper De Cruz) ആണ് ചായയെക്കുറിച്ച് അറിയുകയും വിശദമായി എഴുതുകയും ചെയ്ത ആദ്യത്തെ യൂറോപ്യൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കപ്പൽ വ്യൂഹംവഴി ചൈനയുമായി വാണിജ്യാടിസ്ഥാനത്തിൽ വ്യാപാരം ആരംഭിക്കുകയും ചെയ്തു. അങ്ങനെ ലിസ്ബണിൽനിന്നും ഡച്ച് കപ്പലുകൾവഴി ചായ യൂറോപ്പിലെത്തിച്ചേരുകയും ഡച്ച് സമൂഹത്തിലെ ഒരു ആഡംബരമായി മാറുകയും ചെയ്തു. അക്കാലത്ത് ചായ സ്വർണ്ണത്തെക്കാൾ വിലപിടിപ്പുള്ള വസ്തുവായിരുന്നു.

തേയില വ്യാപാരത്തിലൂടെ യൂറോപ്യൻ രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥ കുതിച്ചുയർന്നു. ഇറക്കുമതി വർദ്ധിക്കുകയും ഹോളണ്ടിലെ സാധാരണ കടകളിൽ തേയില ലഭ്യമായിത്തുടങ്ങുകയും ചെയ്തു. ഡച്ച് സമൂഹത്തിൽ തേയിലയുടെ ഉപഭോഗം വർദ്ധിച്ചതോടെ ഡോക്ടർമാരും വിദ്യാഭ്യാസ അധികാരികളും ചായയുടെ ഗുണദോഷത്തെ അനുകൂലിച്ചും പ്രതികൂലിച്ചും സെമിനാറുകളും ഡിബേറ്റുകളും സംഘടിപ്പിക്കാനും തുടങ്ങി. ഇവർ 'ടീ ഹെററ്റിക്സ്' (Tea Heretics) എന്ന പേരിലറിയപ്പെട്ടു. ഇക്കാലത്ത് ഫ്രാൻസും ഹോളണ്ടുമായിരുന്നു യൂറോപ്പിൽ ഏറ്റവും കൂടുതൽ തേയില ഉപഭോഗം നടത്തിയിരുന്ന രാജ്യങ്ങൾ.

1680കളിൽ സാമൂഹ്യ പ്രവർത്തകരായിരുന്ന മാരി ഡി റാബുടിനും (Marie de Rabutin), മർകേസ് ഡി സെവനും (Marquise de seven) ആദ്യമായി പാല് കൂട്ടിച്ചേർത്ത് ചായ ഉണ്ടാക്കാമെന്ന് കണ്ടുപിടിച്ചു. അതേ കാലഘട്ടത്തിൽതന്നെ ഡച്ച് ഇൻസ് (Dutch Inns) എന്ന റസ്റ്റോറന്റിൽ ചായ വിളമ്പിത്തുടങ്ങി. എന്നാൽ ഏകദേശം അമ്പതുവർഷക്കാലം മാത്രമേ ഫ്രാൻസിൽ ചായയുടെ ഉപഭോഗം നല്ലരീതിയിൽ ഉണ്ടായിരുന്നുള്ളു. അതിനുശേഷം അതിന്റെ സ്ഥാനം വൈനും ചോക്കലേറ്റും കയ്യടക്കി.

## ചായ അമേരിക്കയിലേക്ക്

1650കളോടെ ഡച്ചുകാർ തേയിലയുടെ വ്യാപാരം തെക്കോട്ട് വ്യാപിപ്പിച്ചു. പീറ്റർ സ്റ്റുവാസന്റ് (Peter Stuyvesant) ആദ്യമായി തേയില അമേരിക്കയിലെ അവരുടെ കോളനിയായിരുന്ന ന്യൂ ആംസ്റ്റർഡാമിലേക്ക് കയറ്റി അയച്ചു. പിന്നീട് ഈ സ്ഥലം ന്യൂയോർക്ക് എന്ന പേരിലറിയപ്പെട്ടു. അവിടെ കോളനി സ്ഥാപിച്ചിരുന്ന ഇംഗ്ലീഷുകാർ അങ്ങനെ ആദ്യമായി ചായയുടെ രുചിയറിഞ്ഞു.

## ചായ ഇംഗ്ലണ്ടിൽ

1652നും 1654നും ഇടയിൽ ഇംഗ്ലണ്ടിൽ ആദ്യമായി തേയില എത്തി. വളരെ കുറഞ്ഞ കാലത്തിനുള്ളിൽ ചായ ഇംഗ്ലണ്ടിന്റെ ദേശീയ പാനീയമായി മാറി. ഈ കാലഘട്ടത്തിൽ ഹോളണ്ടിലെ രാജാവായിരുന്ന കിങ് ചാൾസ് രണ്ടാമനും (King Charles II) പോർച്ചുഗീസ് രാജകുമാരിയായിരുന്ന കാതറിൻ ഡി ബ്രഗാൻസ (Catherine de Braganza) യും തമ്മിലുള്ള വിവാഹം നടന്നു. അതോടുകൂടി ഡച്ചു സാമ്രാജ്യം വിപുലമാവുകയും ബ്രിട്ടണുമായി തേയില വ്യാപാരം ആരംഭിക്കുകയും ചെയ്തു. അതിനുമുമ്പ് 1600 കളിൽ ഏഷ്യൻ വ്യാപാരം വർദ്ധിപ്പിക്കുന്നതിനായി എലിസബത്തുരാജ്ഞി (Elizabeth I) ജോൺ കമ്പനി (John Company) സ്ഥാപിച്ചിരുന്നു. കാതറിൻ ഡി ബ്രഗാൻസയ്ക്ക് ടാഞ്ചിയറും ബോംബേയും (ഇപ്പോഴത്തെ മുംബൈ) സ്ത്രീധനമായി നൽകുകയും ജോൺ കമ്പനിക്ക് പെട്ടെന്നുതന്നെ അവരുടെ വ്യാപാരത്തിനായി ഒരു അടിത്തറ അതുമൂലം ലഭിക്കുകയും ചെയ്തു. അപ്പോഴാണ് ഈസ്റ്റിന്ത്യാ കമ്പനി രൂപമെടുക്കുന്നതും അവർക്ക് ഇന്ത്യയിലും ചൈനയിലും വ്യാപാരം നടത്താനുള്ള അധികാരം ബ്രിട്ടീഷ് പാർലമെന്റ് നൽകുന്നതും. ജോൺ കമ്പനിയെ ഈസ്റ്റിന്ത്യാകമ്പനിയിൽ ലയിപ്പിച്ചതിന്റെ ഫലമായി തേയിലയുടെ വില കുതിച്ചുയരുകയും ആയത് ബ്രിട്ടീഷ് സാമ്രാജ്യത്വത്തെപ്പോലും സാധീനിക്കുകയും ചെയ്തു.

അങ്ങനെ ചായ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു അവശ്യവസ്തുവായി മാറി. 1699ൽ ബ്രിട്ടണിലേക്കുള്ള തേയിലയുടെ ഇറക്കുമതി 40000 പൗണ്ടായിരുന്നെങ്കിൽ 1708 ആയപ്പോഴേക്കും അത് 2,40,000 പൗണ്ടായി വർദ്ധിച്ചു. സമൂഹത്തിൽ എല്ലാതരത്തിലുള്ള ആളുകളും ഉപയോഗിക്കുന്ന വസ്തുവായി അപ്പോഴേക്കും ചായ മാറിയിരുന്നു.

ഇംഗ്ലണ്ടിലെ 'കോഫീഹൗസുകൾ' ചായ വിളമ്പുന്നതിൽ പ്രസിദ്ധമായിരുന്നു. പെനി യൂണിവേഴ്സിറ്റി (Penny Universities) എന്ന അപരനാമത്തിലും അറിയപ്പെട്ടിരുന്ന കോഫീഹൗസുകളിൽ ഒരു പെനി കൊടുത്താൽ ചായയും ന്യൂസ്പേപ്പറുകളും ലഭിക്കുമായിരുന്നു. കൂട്ടുകാരുടെ സല്ലാപ കേന്ദ്രങ്ങളായിരുന്ന കോഫീഹൗസുകളിൽ വക്കീലന്മാരും എഴുത്തുകാരും പട്ടാളക്കാരുമെല്ലാം നിത്യസന്ദർശകരായിരുന്നു.

## TIPS

ഡച്ച് ടാവേം ഗാർഡൻ ടീസിന്റെ (Dutch Tavem Garden Teas) മാതൃകയിൽ ഇംഗ്ലീഷുകാർ തേയില ഉദ്യാനങ്ങൾ നിർമ്മിക്കുകയും ഇത്തരം ഉദ്യാനങ്ങളിലെത്തുന്ന ഒരു ഉപഭോക്താവിന് ചായ ആവശ്യമാണെന്നുണ്ടെങ്കിൽ വെയിറ്ററെ വിളിച്ചു താലത്തിൽ ഒരു പെനി വച്ചുകൊടുക്കുകയും ആ വെയിറ്റർ വളരെ വേഗത്തിൽ ഉപഭോഗത്തിനുവേണ്ട സേവനങ്ങളും മറ്റും ലഭ്യമാക്കുകയും ചെയ്യുമായിരുന്നു. ഇതിൽ നിന്നുമാണ് 'ടിപ്സ്' (Tips - to ensure prompt service) എന്ന വാക്കുണ്ടായത്.

## ബോസ്റ്റൺ ടീ പാർട്ടി

അമേരിക്കൻ വിപ്ലവത്തിന്റെ തുടക്കം ബോസ്റ്റൺ ടീ പാർട്ടിയോടുകൂടിയായിരുന്നു. തേയിലയ്ക്കേർപ്പെടുത്തിയ നികുതിക്കെതിരെ ജനങ്ങൾ ഇളകുകയും വിപ്ലവകാരികൾ ഒരു ഡിസംബർ 16ന് ബോസ്റ്റൺ തുറമുഖം ആക്രമിച്ച് തേയിലപ്പെട്ടികൾ കടലിൽ വലിച്ചെറിയുകയും ചെയ്തു. സാമുവൽ ആഡംസിന്റെയും (Samuel Adams) ജോൺ ഹാനോക്കിന്റെയും (John Hanock) നേതൃത്വത്തിൽ നടന്ന പ്രതിഷേധത്തെ തുടർന്ന് ബോസ്റ്റൺ തുറമുഖം അടച്ചിടുകയും ബ്രിട്ടീഷ് റോയൽ ആർമി തുറമുഖത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു.

## കറുപ്പുയുദ്ധം

നിയന്ത്രണമില്ലാത്ത തേയില ഇറക്കുമതി ഇംഗ്ലണ്ടിനെ സാമ്പത്തികമായി ദുർബലപ്പെടുത്തി. തേയില ഡച്ചുകാരിൽനിന്നും അമിതമായ വിലകൊടുത്ത് വാങ്ങിയതു കാരണമുണ്ടായ പ്രതിസന്ധി മറികടക്കാൻ ബ്രിട്ടൻ ഇന്ത്യയിലും അഫ്ഗാനിസ്ഥാനിലും ഉൽപാദിപ്പിക്കുന്ന കറുപ്പ് ചൈനയിൽ വിറ്റഴിക്കാൻ തുടങ്ങി. ചൈനീസ് ഭരണാധികാരികൾ അത് തടഞ്ഞതോടെ ചൈനയും ബ്രിട്ടണുമായി യുദ്ധം ആരംഭിച്ചു. എന്നാൽ സൈനികമായി ശക്തമായിരുന്ന ഇംഗ്ലണ്ട് ചൈനയെ യുദ്ധത്തിൽ തോൽപിക്കുകയും 1842 മുതൽ 1908വരെ ഒരു തടസ്സവുമില്ലാതെ ചൈനയിൽ കറുപ്പ് വിറ്റഴിക്കുകയും ചെയ്തു.

ചായയുടെ അമിതോപയോഗം ആരോഗ്യത്തിന് ഹാനികരമാണെന്ന് ചില പഠനങ്ങൾ വ്യക്തമാക്കുന്നു. ചായയിലടങ്ങിയ ഫ്ളൂറൈഡുകൾ അസ്ഥികൾക്ക് ദോഷകരമാണെന്ന് ലണ്ടനിലെ ഒരു സംഘം ഗവേഷകർ കണ്ടെത്തിയിരുന്നു.

എല്ലാ വർഷവും മെയ് 21 അന്താരാഷ്ട്ര തേയില ദിനമായി ആചരിക്കുന്നു.

തേയില കണ്ടെത്തിയ ചൈനയാണിപ്പോഴും ലോകത്ത് ഏറ്റവും കൂടുതൽ തേയില ഉൽപാദിപ്പിക്കുന്ന രാജ്യം. ലോകത്തിൽ ഏറ്റവും വലിയ തേയില വിപണന കേന്ദ്രം 'ഇന്ത്യയുടെ തേയിലത്തോട്ടം' എന്നറിയപ്പെടുന്ന ആസാം സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഗുവാഹത്തിയാണ്. ഇന്ത്യയുടെ ദേശീയപാനീയവും ചായയാണ്. •



1. R.N. 44588/85 Reg. No. KL/TV (N)34/2018-20
2. Licence No. for posting without pre payment - KL/TV(N)/WPP/165/2018-20

**PSC BULLETIN**
Fortnightly

Rupees 10
December 15, 2020


# സമകാലികം

**പ്രദീഷ്കുമാർ വി എസ്**

- ❖ ഇന്ത്യൻ വംശജനായ അനിൽ സോണി ഡബ്ല്യൂ.എച്ച്.ഒ. ഫൗണ്ടേഷന്റെ പ്രഥമ സി.ഇ.ഒ. ആയി നിയമിതനായി.
- ❖ കുവൈറ്റിന്റെ പ്രധാനമന്ത്രിയായി ഷേക് സാബ അൽ ഖാലിദ് അൽ ഖമദ് അൽ സാബ വീണ്ടും നിയമിതനായി.
- ❖ 2021 ലെ ഫിഫ ക്ലബ് ലോകകപ്പിന് ജപ്പാൻ വേദിയാകും.
- ❖ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ സഹകരണ മേഖലയിലെ കേരളത്തിലെ ആദ്യ പഞ്ചനക്ഷത്ര ഹോട്ടലായ 'സപ്ത' നിലവിൽ വരും.
- ❖ സിഡ്ബിയുടെ ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടറായി എസ്. രാമൻ നിയമിതനാകും.
- ❖ ഫൈബർ ഒപ്റ്റിക്സിന്റെ പിതാവ് എന്നറിയപ്പെടുന്ന ഇന്തോ അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞൻ ഡോ. നരീന്ദർ സിങ് കപനി അന്തരിച്ചു.
- ❖ ലെഫ്. ജനറൽ പരംജിത് സിങ് കേന്ദ്ര പ്രതിരോധമന്ത്രാലയം പുതുതായി രൂപീകരിച്ച പദവിയായ ഡെപ്യൂട്ടി ചീഫ് ഓഫ് ആർമി സ്റ്റാഫ് ആയി നിയമിതനാകും.
- ❖ മലയാളിക്ക് ആധുനിക കൃഷിരീതിയുടെ പാഠങ്ങൾ പകർന്നുനൽകിയ കാർഷിക ശാസ്ത്രജ്ഞൻ ആർ. ഹേലി അന്തരിച്ചു.
- ❖ ദേശത്തിന്റെയും മിത്തുകളുടെയും ആഖ്യാനത്തിലൂടെ മലയാളസാഹിത്യത്തെ വിസ്മയിപ്പിച്ച യു.എ. ഖാദർ അന്തരിച്ചു. കഥ, നോവൽ, ബാലസാഹിത്യം, യാത്രാവിവരണം, ഓർമ്മ എന്നീ വിഭാഗങ്ങളിലായി എഴുപതോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.



- ❖ നിയുക്ത യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ, വൈസ് പ്രസിഡന്റ് കമലാ ഹാരിസ് എന്നിവരെ ടൈം മാഗസിൻ ഈ വർഷത്തെ പേഴ്സൺ ഓഫ് ദ ഇയർ ആയി തെരഞ്ഞെടുത്തു.
- ❖ ഐക്യരാഷ്ട്ര സഭയുടെ 2020 ലെ നിക്ഷേപ പ്രോത്സാഹന അവാർഡ് ഇന്ത്യൻ ഏജൻസിയായ ഇൻവെസ്റ്റ് ഇന്ത്യക്ക്.
- ❖ വിഖ്യാത ദക്ഷിണകൊറിയൻ സംവിധായകൻ കിം കി ഡുക്ക് കോവിഡ്ബാധയെ തുടർന്ന് അന്തരിച്ചു. നിരവധി അന്താരാഷ്ട്ര ചലച്ചിത്ര മേളകളിൽ തുടർച്ചയായ പുരസ്കാരങ്ങൾ നേടിയിട്ടുള്ള സംവിധായകനാണ്.



- ❖ പ്രശസ്ത ബ്രിട്ടീഷ് നടി ബാർബറ വിൻഡ്സർ അന്തരിച്ചു.
- ❖ പ്രമുഖ അന്താരാഷ്ട്ര മാസികയായ ഫിനാൻഷ്യൽ ടൈംസിന്റെ 2020 ലെ ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള സ്ത്രീകളുടെ കൂട്ടത്തിൽ മന്ത്രി കെ.കെ. ശൈലജ ടീച്ചറും. കമലാ ഹാരിസ്, ആംഗേല മെർക്കൽ, ജസീൻഡ ആർഡെൺ, സ്റ്റേസി അംബ്രോസ് എന്നിവർക്കൊപ്പമാണ് ടീച്ചറെയും വായനക്കാർ തിരഞ്ഞെടുത്തത്.
- ❖ ഏകദിന ക്രിക്കറ്റിൽ ഏറ്റവും വേഗത്തിൽ 12000 റൺസ് തികയ്ക്കുന്ന ബാറ്റ്സ്മാൻ എന്ന റെക്കോർഡ് സച്ചിൻ ടെൻഡുൽക്കറെ മറികടന്ന് വിരാട് കോലീ സ്വന്തമാക്കി.
- ❖ ലോകത്തിലെ ഏറ്റവും മലിനീകരണമുള്ള നഗരം എന്ന പദവി പാകിസ്ഥാന്റെ സാംസ്കാരിക തലസ്ഥാനമായ ലാഹോറിന്.
- ❖ ലിജോ ജോസ് പെല്ലിശ്ശേരിയുടെ ജല്ലിക്കെട്ട് ഓസ്കാറിലെ വിദേശഭാഷാ സിനിമാവിഭാഗത്തിൽ ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി ഫിലിം ഫെഡറേഷൻ ഓഫ് ഇന്ത്യ തിരഞ്ഞെടുത്തു.
- ❖ യുദ്ധക്കപ്പലുകൾ തകർക്കാൻ കെൽപുള്ള ബ്രഹ്മോസ് സൂപ്പർ സോണിക് ക്രൂസ് മിസൈൽ ഇന്ത്യൻ നാവികസേന ബംഗാൾ ഉൾക്കടലിൽ ഐ.എൻ.എസ്. റൺവിജയ് എന്ന യുദ്ധക്കപ്പലിൽ നിന്ന് വിജയകരമായി പരീക്ഷിച്ചു.
- ❖ സംസ്ഥാനത്തെ മെഗാ സീഫുഡ് പാർക്ക് ആലപ്പുഴ ജില്ലയിൽ നിലവിൽ വരും.
- ❖ ഇന്ത്യയിലെ ആദ്യത്തെ ജൈവവത്കൃത കേന്ദ്രഭരണപ്രദേശം എന്ന ബഹുമതി ലക്ഷദ്വീപിന് ലഭിച്ചു.
- ❖ മലയാറ്റൂർ സ്മാരക സമിതിയുടെ പതിനാലാമത് മലയാറ്റൂർ അവാർഡ് ജോർജ്ജ് ഓണക്കൂറിന്റെ ഹൃദയരാഗങ്ങൾ എന്ന കൃതിക്ക് ലഭിച്ചു.
- ❖ ഇറ്റാലിയൻ ഫുട്ബോൾ ഇതിഹാസം പൗലോ റോസി അന്തരിച്ചു.
- ❖ ലോകത്തിൽ ആദ്യമായി ഒരു മാസ് വാക്സിനേഷൻ പ്രോഗ്രാമിന്റെ ഭാഗമായി കോവിഡ് വാക്സിൻ (ഫൈസർ) സ്വീകരിച്ച വ്യക്തി - മാർഗരറ്റ് കീനൻ (യു.കെ)
- ❖ നേപ്പാളും ചൈനയും സംയുക്തമായി നടത്തിയ സർവ്വേ പ്രകാരം എവറസ്റ്റ് കൊടുമുടിയുടെ ഉയരം 8848. 86 മീറ്റർ ആയി പുനർനിർണ്ണയിച്ചു.
- ❖ അമേരിക്കയുടെ പ്രതിരോധ സെക്രട്ടറിയായി നിയമിതനാകുന്ന ആദ്യ ആഫ്രോ അമേരിക്കൻ വംശജനാണ് ലോയിഡ് ഓസ്റ്റിൻ.
- ❖ ഇന്ത്യയുടെ പുതിയ പാർലമെന്റ് മന്ദിരം നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ് സെൻട്രൽ വിസ്ത പ്രോജക്ട്.
- ❖ ഇന്ത്യാക്കാരനായ ആദർ പുനാവാല 2020 ഏഷ്യൻ ഓഫ് ദി ഇയർ  പുരസ്കാരം നേടി.
- ❖ 2020 ൽ ഇന്ത്യയിൽ ഗൂഗിളിൽ ഏറ്റവും കൂടുതൽ തെരഞ്ഞ വാക്ക് - ഇന്ത്യൻ പ്രീമിയർ ലീഗ്
- ❖ ടൈം മാഗസിന്റെ ആദ്യ കിഡ് ഓഫ് ദ ഇയർ ബഹുമതിക്ക് ഇന്ത്യൻ വംശജയായ ഗീതാഞ്ജലി റാവു അർഹയായി.




- ❖ ഇന്ത്യൻ പത്രപ്രവർത്തകനും എഴുത്തുകാരനുമായ രാജ്കമൽ ജാ യുടെ ദി സിറ്റി ആൻഡ് ദ സീ എന്ന നോവലിന് 2020 ലെ രവീന്ദ്രനാഥ ടാഗോർ ലിറ്റററി പുരസ്കാരം ലഭിച്ചു.
- ❖ 2021 ലെ വേൾഡ് എക്കണോമിക് ഫോറത്തിന് സിംഗപ്പൂർ ആതിഥേയത്വം വഹിക്കും.
- ❖ കേന്ദ്ര സർക്കാർ പാസ്സാക്കിയ കർഷക നിയമത്തിൻമേലുള്ള പ്രതിഷേധത്തെ തുടർന്ന് മുൻ പഞ്ചാബ് മുഖ്യമന്ത്രി പ്രകാശ്സിങ് ബാദൽ പദ്മവിഭൂഷൺ ബഹുമതി തിരിച്ചുനൽകി. •




Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.